# UDAYADEEPA



VOL. XVII ISSUE -2
FEBRUARY- 2025 BELTHANGADY

Rest In Peace



Condolences

to

Late Dr. Manmohan Singh

Former Prime Minister of India

**WITH PRAYER**

Bishop Lawrence Mukkuzhy, Priests, Religious and the Laity, Diocese of Belthangady

# UDAYADEEPA BELTHANGADY

# ಉದಯದೀಪ ಬೆಳ್ತಂಗಡಿ

# ഉദയദീപ ബെൽത്തംഗഡി

## Belthangady Diocesan Bulletin

**Vol. XVII Issue-02 February - 2025 Page- 56**

**Annual Subscription: Rs. 140-00 Single Copy: Rs. 12-00**

**Edited, Printed and Published, by Fr. Joseph Valiaparambil**
**Bishop's House, Udayanagar, P.B. No.13**
**Belthangady - 574 214, D.K., Karnataka, India.**
**Printed at Shree Raghavendra Printers, Ujire-574 240**

**Website: www.belthangadydiocese.com**
**Email : udayadeepabel@gmail.com**
**Tel.: 08256-232439**

# CONTENTS


| | | |
|---|---|---|
| 01. | Pastoral Letter : 01/2025 | 05 |
| 02. | Circular : 01/2025 | 10 |
| 03. | Circular : Major Archbishop Mar Raphael Thattil | 12 |
| 04. | Message : Pope Francis for world day of Peace | 17 |
| 05. | Christ Jubilee | 26 |
| 06. | Notifications from the Chancellery | 27 |
| 07. | Catechism Department News | 30 |
| 08. | Bible Apostolate | 34 |
| 09. | Family Apostolate | 42 |
| 10. | Youth Apostolate | 44 |
| 11. | Social Service Department | 46 |
| 12. | Bishop's Diary | 53 |
| 13. | Bishop's Engagements | 55 |




ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിന്റെ
അനുഗ്രഹത്താലും ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

ലോറൻസ് മുക്കുഴി

നമ്മുടെ രൂപതയിലെ ബഹു. വൈദികർക്കും
സന്യാസിനീ സന്യാസികൾക്കും ദൈവജനത്തിനും
നമ്മുടെ കർത്താവിൽ ആശീർവ്വാദവും സമാധാനവും,

"നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനം ഭോഷത്വമാണ്. രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ അത് ദൈവത്തിന്റെ ശക്തിയത്രെ" (1 കൊറി. 1:18).

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

2025ൽ ഈശോയുടെ ജൂബിലി നാം ആഘോഷിക്കുകയാണല്ലോ. "പ്രത്യാശയുടെ തീർത്ഥാടകർ" എന്ന ആപ്ത വാക്യവുമായി നാം വിവിധ പരിപാടികളോടുകൂടി ഈശോയുടെ ഈ ജൂബിലി ആഗോള കത്തോലിക്കാ സഭയോടൊപ്പം ആചരിക്കുകയാണ്. ജൂബിലിയുടെ ചിഹ്നം (Logo)യിൽ നാം കാണുന്നതുപോലെ നാലു മനുഷ്യർ മുന്നോട്ടു യാത്ര ചെയ്യുന്നു. ഈ നാലു മനുഷ്യർ ലോകത്തിന്റെ നാനാ ദിക്കുകളിൽ നിന്നുള്ള സകല മനുഷ്യരെയും സൂചിപ്പിക്കുന്നു. മുന്നിലുള്ള വ്യക്തി കുരിശിൽ പിടിച്ചിരിക്കുന്നു. അതിന്റെ അടിയിൽ ഒരു നങ്കൂരവും ഉണ്ട്. ജനകോടികൾ സ്വർഗോന്മുഖമായി യാത്ര ചെയ്യുന്നു; അവർ തങ്ങളുടെ ജീവിതത്തെ കുരിശിൽ നങ്കൂരമടിച്ചിരിക്കുന്നു. കുരിശ് പാപത്തെയും മരണത്തെയും പരാജയപ്പെടുത്തിയ സർവ്വാധിപനായ ഈശോയെ പ്രതിനിധാനം ചെയ്യുന്നു. ഈ ഇടയ ലേഖനത്തിൽ കുരിശിന്റെ മഹത്വത്തെക്കുറിച്ച് നിങ്ങൾക്ക് അല്പമായി എഴുതുകയാണ്.

ഈശോയെ കുരിശിൽ തറച്ച് കൊന്നുകളഞ്ഞു. ആ കാലത്ത് ഒരു വ്യക്തിക്ക് നൽകാവുന്ന ഏറ്റവും കഠിനവും ഹീനവുമായ ശിക്ഷ യായിരുന്നു കുരിശ്. കുരിശിൽ തറയ്ക്കപ്പെട്ട് മരിച്ച് അടക്കപ്പെട്ട ഈശോ മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് ശിഷ്യന്മാർക്കും മറ്റനേകർക്കും പ്രത്യക്ഷപ്പെട്ട് സ്വർഗ്ഗത്തിലേക്ക് കയറി പിതാവിന്റെ വലതുഭാഗത്ത് ഇരി ക്കുന്നു. കുരിശു മരണം വഴി ഈശോ പാപത്തെയും മരണത്തെയും പരാജയപ്പെടുത്തി; മനുഷ്യകുലത്തെ സാത്താന്റെ പിടിയിൽനിന്ന് രക്ഷിച്ചു. കുരിശ് രക്ഷയുടെ അടയാളവും മനുഷ്യകുലത്തിന്റെ പ്രത്യാ ശയുമായി മാറി.

തികച്ചും ഹീനവും ഭോഷത്വവും അപഹാസ്യവുമായ കുരിശിൽ മരിച്ച ഈശോ ദൈവമാണ് എന്ന ക്രിസ്ത്യാനികളുടെ വിശ്വാസം യഹൂ ദർക്കും വിജാതീയർക്കും തികച്ചും വൈരുദ്ധ്യവും സ്വീകരിക്കാൻ ബുദ്ധി മുട്ടുള്ളതും ആയിരുന്നു. നാലാം നൂറ്റാണ്ട്വരെ ക്രിസ്ത്യാനികൾ തന്നെ കുരിശിനെ പരസ്യമായി അധികം ഉയർത്തി കാട്ടിയിരുന്നില്ല. പ്രധാന മായും അന്ന് അവ ഉപയോഗിച്ചിരുന്നത് ഈശോയുടെ രൂപമില്ലാത്ത കുരിശ് ആയിരുന്നു. കുരിശിൽ മരിച്ച ഈശോ ഉയിർത്തെഴുന്നേറ്റു. ഈശോയുടെ രൂപമില്ലാത്ത കുരിശ് പ്രത്യാശയുടെ അടയാളമായി അവർ കരുതി.

എ.ഡി. 326ൽ ജെറുസലേമിൽ നിന്ന് ഈശോ മരിച്ച കുരിശ് കണ്ടെത്തയതോടുകൂടി കുരിശ് പരസ്യമായി വണങ്ങപ്പെടാനും മഹ ത്വപ്പെടാനും തുടങ്ങി. ആ കുരിശിന്റെ മുഖ്യഭാഗം റോമിലേക്കും പിന്നിട് കോൺസ്റ്റാന്റിനോപ്പിളിലേക്കും കൊണ്ടുപോയി. കുരിശിന്റെ ഭാഗങ്ങൾ ഈശോയ്ക്ക് ശേഷം പ്രധാന തിരുശേഷിപ്പായി വണങ്ങപ്പെടാനും ബഹുമാനിക്കപ്പെടാനും തുടങ്ങി. ഈശോയുടെ കുരിശ് പാപത്തെയും മരണത്തെയും പരാജയപ്പെടുത്തി; മനുഷ്യകുലത്തിന് ജീവൻ നൽകി. കുരിശ് നമ്മുടെ രക്ഷയുടെ അടയാളമാണ്; കുരിശ് നമുക്ക് ധൈര്യവും പ്രത്യാശയും നൽകുന്നു.

ക്രിസ്ത്യാനികൾക്ക് കുരിശിന്റെ മഹത്വം അതിന്റെ സമഗ്രതയിൽ മനസ്സിലാക്കാൻ ഏറെ സമയം എടുത്തു. ഈശോ മരിച്ച കുരിശ് നാലാം നൂറ്റാണ്ടിൽ കണ്ടെത്തിയതോടുകൂടി കുരിശിന്റെ ശക്തിയും മഹത്വവും ലോകം അറിയുവാൻ തുടങ്ങി. കുരിശിലൂടെ അനേക

അത്ഭുതങ്ങളും അടയാളങ്ങളും നടന്നു. കുരിശ് വഹിച്ചുകൊണ്ടുള്ള പല യുദ്ധങ്ങൾക്കും അത്ഭുതകരമായ വിജയം ലഭിച്ചത് ക്രിസ്ത്യാനികൾക്ക് കുരിശിനോടുള്ള ബഹുമാനം വർദ്ധിക്കാൻ ഇടയായി. അഞ്ചാം നൂറ്റാണ്ടോടുകൂടി കുരിശിനെ കൂടുതൽ ബഹുമാനിക്കാനും ആദരിക്കാനും ഇടയായി. വിലയേറിയ വജ്രങ്ങൾകൊണ്ടു കുരിശിനെ അലങ്കരിക്കാനും തുടങ്ങി. കുരിശിന്റെ മഹത്വം സൂചിപ്പിക്കാൻ കുരിശുവഹിക്കുന്ന ചെമ്മരി ആട്ടിൻകുട്ടിയെയും, കുരിശിന്റെ ചുവട്ടിൽ നിന്ന് രണ്ട് മുന്തിരിയുടെതുപോലുലള ശാഖകളുടെയും അടയാളങ്ങൾ പ്രദർശിപ്പിക്കുവാനും തുടങ്ങി. കുരിശ് വഹിക്കുന്ന ചെമ്മരി ആട്ടിൻകുട്ടി വെളിപാട് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഈശോയുടെ വിജയത്തെ സൂചിപ്പിക്കുന്നു (വെളി. 19). കുരിശിന്റെ ചുവട്ടിൽ നിന്നും പുറപ്പെടുന്ന മുന്തിരിയുടേതുപോലുള്ള ശാഖകൾ ജീവന്റെ വൃക്ഷത്തെ സൂചിപ്പിക്കുന്നു (വെളി.22:2). ഇങ്ങനെ കുരിശിന്റെ മഹത്വവും അർത്ഥവും സാവകാശം ക്രിസ്ത്യാനികൽക്ക് വെളിപ്പെട്ട് കിട്ടി.

കുരിശ് രക്ഷയുടെ ഉപകരണമാണ്. ഈ കുരിശിനെ വണങ്ങുകയും ബഹുമാനിക്കുകയും ചെയ്യുന്ന പതിവ് വളരെ സ്വാഭാവികമായി സഭയിൽ കടന്നുവന്നു. വി. പൗലോസിന്റെ കാലം മുതൽ തന്നെ കുരിശിന്റെ മഹത്വവും കുരിശിന്റെ ആധ്യാത്മികതയും വളർന്നുവന്നതായി നാം കാണുന്നുണ്ട്. നാശത്തിലുടെ സഞ്ചരിക്കുന്നവർക്ക് കുരിശ് അർത്ഥശൂന്യമാണ്; രക്ഷയുടെ മാർഗത്തിൽ ചരിക്കുന്ന നമുക്ക് കുരിശ് ദൈവത്തിന്റെ ശക്തിയാണ് എന്ന് വി. പൗലോസ് കൊറിന്തോസുകാരെ പഠിപ്പിക്കുന്നു (1 കൊറി. 1 : 18). എഫേ. 2 : 16, കൊളോ. 1 : 20, ഗലാ. 6 :14, എന്നീ ഭാഗങ്ങളിൽ ഒക്കെ കുരിശിന്റെ രക്ഷാകര സ്ഥാനത്തക്കുറിച്ച് വിശുദ്ധ പൗലോസ് ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നുണ്ട്. കുരിശിലൂടെ സഹനമുണ്ട്. എന്നാൽ അത് ഈശോയുടെ കുരിശാകുമ്പോൾ അത് വിജയത്തിന്റെ പതാകയാകുന്നു.

സഭാപാരമ്പര്യത്തിൽ കുരിശിലൂടെ നമുക്ക് ലഭിക്കുന്ന അനുഗ്രഹത്തിന്റെ വിവിധ വശങ്ങൾ ഊന്നിപ്പറയുന്നതും അർത്ഥം നൽകുന്നതുമായ പലവിധത്തിലുള്ള കുരിശുകൾ ഉണ്ടായി. ഇന്ന് സഭയിൽ അനേകം കുരിശുകൾ ഉപയോഗത്തിലുണ്ട്. സീറോമലബാർ സഭയിൽ ഉപയോഗിക്കുന്നത് മാർത്തോമാ കുരിശ് ആണല്ലോ. അതിന്റെ മഹത്വ

ത്തേയും അതിലുള്ള വിവിധങ്ങളായ ചിഹ്നങ്ങളുടെ അർത്ഥവും നാം മനസ്സിലാക്കുമ്പോൾ കുരിശ് വലിയ പ്രത്യാശയും സന്തോഷവും നമുക്ക് പ്രധാനം ചെയ്യും.

ക്രൈസ്തവ ആധ്യാത്മികതയിൽ കുരിശിന് സവിശേഷമായ സ്ഥാനമുണ്ട്. നമ്മൾ ദേവാലയങ്ങളിലും, വീടുകളിലും, ഓഫീസുകളിലും മറ്റ് സ്ഥലങ്ങളിലും കുരിശ് പൂജ്യമായി സ്ഥാപിക്കുന്നുണ്ട്. കുരിശ് ശരീരത്തിൽ ധരിക്കുന്ന പതിവ് നമുക്കുണ്ട്. കുരിശിനെ സാത്താൻ ഭയപ്പെടുന്നു. അതുകൊണ്ട് കുരിശ് നമ്മുടെ ഭവനങ്ങളിലും ശരിരത്തിലും ഉള്ളത് നമുക്ക് സംരക്ഷണമാണ്. "കുരിശ് വരയ്ക്കുന്ന" പതിവ് നമ്മുടെ പ്രാചീനമായ പാരമ്പര്യമാണ് - നെറ്റിയിലും, അധരത്തിലും ,നെഞ്ചിലും കുരിശുവരയ്ക്കുന്നത് നമ്മുടെ ചിന്ത, വാക്ക്, പ്രവർത്തി എന്നിവയെ കുരിശിനാൽ മുദ്രിതമാക്കുന്നതിന്റെയും ഇവയ്ക്ക് കുരിശിന്റെ സംരക്ഷണം തേടുന്നതിന്റെയും അടയാളമാണ്. രാവിലെ ഉണർന്നാൽ ഉടനെ കുരിശ് വരയ്ക്കണം; കുരിശ് വരയ്ക്കുന്നതു അനുഗ്രഹപ്രദമാണ്

ഈ വർഷത്തെ ജൂബിലി ആചരണത്തോട് അനുബന്ധിച്ച് നമ്മൾ രൂപത മുഴുവനും "കുരിശുയാത്ര" നടത്തുന്നുണ്ടല്ലോ. കത്തീഡ്രൽ പള്ളിയിൽ വെഞ്ചിരിച്ച കുരിശ്, രൂപത മുഴുവനും പ്രയാണം ചെയ്യുന്നത്, ഈശോ രൂപത മുഴുവനും ശക്തിയോടെ പ്രയാണം ചെയ്യുന്നതിന്റെ അടയാളമാണ്. ഈ "കുരിശ് യാത്ര" ഏറ്റവും അനുഗ്രഹപ്രദമാക്കാൻ വേണ്ടതെല്ലാം ചെയ്യാൻ എല്ലാവരും സഹകരിക്കണം. ഓരോ ഇടവകകളിലും ഒരാഴ്ച വീതം കുരിശ് ഉണ്ടായിരിക്കും. ഓരോ ഇടവകകളിലും കുരിശ് വരുന്ന തിയ്യതി ജനുവരി മാസത്തിലെ ഉദയദീപത്തിൽ നൽകിയിട്ടുണ്ട്. ഇതിനും പുറമേ ഓരോ ഇടവകകളിലും ഉള്ള എല്ലാ ഭവനങ്ങലിലും കുരിശ് യാത്ര നടത്തുന്നുണ്ടല്ലോ? ഓരോ വീട്ടിലും വിശുദ്ധ കുരിശിനെ ഭക്തിയോടെ സ്വീകരിച്ച്, ബഹുമാനപ്പെട്ട വികാരിയച്ചൻ നിർദ്ദശിക്കുന്ന കാര്യങ്ങൾ ചെയ്യണമെന്ന് താല്പര്യപ്പെടുന്നു.

കുരിശ് പ്രത്യാശയുടെ അടയാളമാണ്. ഈ ലോകത്തിൽ നാം ജീവിക്കുമ്പോൾ ചെറുതും വലുതുമായ നിരവധി ക്ലേശങ്ങൾ നമ്മെ അലട്ടും. ചിലപ്പോൾ നാം സഹനത്തിന്റെ കാഠിന്യം നിമിത്തം നിരാശ

യിലേയ്ക്ക് വഴുതി വീഴാൻ സാധ്യതയുണ്ട്. അപ്പോഴൊക്കെ നാം കുരിശിലേയ്ക്ക് നോക്കണം; ഈശോ കുരിശിൽ കഠിനവേദന അനുഭവിച്ച് മരിച്ചു; എന്നാൽ മൂന്നാം ദിവസം പിതാവിന്റെ വലതുഭാഗത്ത് ഇരിക്കാൻ ഉയിർത്തെഴുന്നേറ്റു; ഇനി അവിടുത്തേക്ക് മരണമില്ല! ഈശോയോടുകൂടെ മരിക്കുന്നവർ ഈശോയോടുകൂടെ ഉയിർത്തെഴുന്നേൽക്കും! മരണമില്ലാത്ത നിത്യ സൗഭാഗ്യം അവർക്ക് ലഭിക്കും! ഈ മഹത്വം കുരിശിലൂടെയാണ് ഈശോ സാധിച്ചത്. കുരിശ് രക്ഷയുടെയും, മഹത്വത്തിന്റെയും, പ്രത്യാശയുടെയും ഉപകരണമാണ്. അതുകൊണ്ട് നാം കുരിശിനെ ബഹുമാനിക്കുമ്പോൾ പ്രത്യാശയുടെ ദൂതരാകണം. നാം പ്രത്യാശയുടെ തീർത്ഥാടകരാകണം എന്ന് മാർപാപ്പ ആഹ്വാനം ചെയ്യുമ്പോൾ, കുരിശിൽ നമ്മുടെ ജീവിതം നങ്കൂരമടിച്ച് ഈശോയുടെ വാഗ്ദാനത്തിൽ വിശ്വസിക്കണം. നാം പ്രത്യാശയോടെ ജീവിക്കണം; നമ്മുടെ കുടുംബത്തിൽ അത് പ്രകടമാകണം. നാം കണ്ടുമുട്ടുന്നവർക്കൊക്കെ നാം പ്രത്യാശയുടെ ജീവിക്കുന്ന അടയാളങ്ങൾ ആകണം.

"പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" (റോമാ. 5 : 5) എന്ന തിരുവചന പ്രകാരം നിരാശപ്പെടാതെ ഏത് സഹനത്തേയും അതിജീവിച്ച് പ്രത്യാശയോടെ ജീവിക്കാൻ പാപത്തേയും മരണത്തേയും പരാജയപ്പെടുത്തി ഇന്നും ജീവിക്കുന്ന ഈശോ നമ്മെ ഏവരെയും അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് +പിതാവിന്റെയും +പുത്രന്റെയും +പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ഹൃദയപൂർവ്വം ആശിർവ്വദിക്കുന്നു.

ബൽത്തംഗഡി | **+മാർ ലോറൻസ് മുക്കുഴി**
30-01-2025 | ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB:** ഈ ഇടയലേഖനം 9-02-2025 ന് എല്ലാ കുർബ്ബാന മദ്ധ്യേ വായിക്കണ്ടതാണ്.

Circular 1/2025

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

“അനുതാപ കണ്ണുനീർ വീഴ്ത്തി പാപ പരിഹാരം ചെയ്തു കൊൾക നീ” എന്ന് നമ്മോട് പറഞ്ഞുകൊണ്ട് വലീയ നോമ്പ് വീണ്ടും ആഗതമാവുകയാണ്! എല്ലാവർക്കും ഫലപ്രദമായ നോമ്പുകാലം ആശംസിക്കുന്നു!

ഈ വർഷം, വലിയ നോമ്പ് ആരംഭിക്കുന്നത് മാർച്ച് 2നു ഞായറാഴ്ച പാതിരാവിലാണ്. 50 നോമ്പ് നമുക്ക് തിരുസഭാ മാതാവ് സവിശേഷമായി മാറ്റിവച്ചു തരുന്നത്, സമൃദ്ധമായ ആധ്യാത്മിക നവീകരണത്തിനുവേണ്ടിയാണ്. ദൈവ പുത്രനായ ഈശോയുടെ പീഡാനുഭവവും കുരിശുമരണവും വഴി നമുക്ക് രക്ഷ നൽകാൻവേണ്ടി ദൈവം നമ്മോട് കാണിച്ച വലിയ സ്നേഹം അനുസ്മരിക്കാനും അതിന്റെ സ്മരണയിൽ നമ്മുടെ പ്രതിസ്നേഹം പ്രകടിപ്പിക്കാനുമുള്ള കാലമാണ് വലിയ നോമ്പു കാലം. തീവ്രമായ പ്രാർത്ഥന, ഈശോയുടെ പീഡാനുഭവധ്യാനം, സ്വയം ആന്മശോധന, ജീവിത നവീകരണം, ജീവകാരുണ്യ പ്രവർത്തനം, എന്നിവയാണ് ഈ നോമ്പുകാലത്തിലൂടെ തിരുസഭാ മാതാവ് നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നത്.

വലിയ നോമ്പ് നന്നായി ആചരിക്കുന്ന നല്ല പതിവ് നമുക്കുണ്ട്. എല്ലാവരെയും നോമ്പിന്റെ വലിയ ചൈതന്യത്തിലേക്ക് സ്നേഹപൂർവ്വം ക്ഷണികുന്നു. വലിയ നോമ്പിൽ വിവാഹ ആഘോഷങ്ങൾ മുടക്കിയിരിക്കുന്നു; നോമ്പുകാലത്ത് മാംസ വർജ്ജനമാണ്.

ഈ നോമ്പുകാലത്ത് നമുക്ക് ചെയ്യാവുന്ന ചില കാര്യങ്ങൾ സുചിപ്പിക്കുകയാണ്ഃ

1. സാധിക്കുന്നവരെല്ലാം എല്ലാ ദിവസവും വിശുദ്ധ കുർബാനയിൽ പങ്കെടുക്കുക.
2. കുമ്പസാരം എന്ന കൂദാശ കൂടുതൽ ഭക്തി തീക്ഷ്ണതയോടെ സ്വികരിക്കുക.
3. വിശുദ്ധ കുർബാനയുടെ ആരാധന നടത്തുക.
4. പ്രതിദിനവും കുടുംബ പ്രാർത്ഥന കൂടുതൽ ഭക്തിയോടെ നടത്തുക.
5. ഞായറാഴ്ചകളിലും വെള്ളിയാഴ്ചകളിലും കുരിശിന്റെ വഴി നടത്തുക.

6. നോമ്പിലെ എല്ലാ വെള്ളിയാഴ്ചകളിലും സാധിക്കുന്നവർ ഉപവസിക്കുകയോ ഒരു നേരം നോക്കുകയോ ചെയ്യുക.
7. ദേവഗിരി, ഹെഗ്ഗള, ജട്ക്കൽ - മുദുർ മുതലായ സ്ഥലങ്ങളിൽ നടക്കുന്ന മലകയറ്റത്തിൽ സാധിക്കുന്നവർ പങ്കെടുക്കുക.
8. നോമ്പുകാലത്ത് വിശുദ്ധ യോഹന്നാന്റെ സുവിശേഷം മുഴുവൻ കുടുംബങ്ങളിൽ വായിക്കുക.
9. നോമ്പുകാലത്ത് ധാരാളം സത്കൃത്യങ്ങൾ ചെയ്യുക.
10. ദാനധർമ്മം ചെയ്യുക.

സ്നേഹമുള്ളവരേ, ഈ വർഷത്തെ നമ്മുടെ വലിയ നോമ്പ് ഈശോയുടെ ജൂബിലി വർഷത്തിലാണെന്ന് ഓർക്കുക! അതുകൊണ്ട്, ഈശോയിലുള്ള സ്നേഹത്തിൽ കൂടുതൽ വളരാൻ ഈ നോമ്പുകാലം നമ്മെ സഹായിക്കണം. വ്യക്തിപരമായും കുടുംബത്തിലും വാർഡിലും ഇടവക തലത്തിലും എന്തൊക്കെ പ്രത്യേക കാര്യങ്ങൾ ചെയ്യാമെന്ന് മുൻകൂട്ടി പ്ലാൻ ചെയ്യുക. ഏപ്രിൽ 20ന് ഉയർപ്പ് തിരുനാൾ ആഘോഷിക്കുമ്പോൾ വലിയ വിശുദ്ധിയോടും പ്രത്യാശയോടുംകൂടെ ഉണരാൻ നമുക്ക് സാധിക്കട്ടെ.

"യേശുക്രിസ്തുവിനുള്ളവർ തങ്ങളുടെ ജഡത്തെ അതിന്റെ വികാരങ്ങളോടും മോഹങ്ങളോടും കൂടി ക്രൂശിച്ചിരിക്കുന്നു"(ഗലാ. 5 : 24) എന്ന തിരുവചന പ്രകാരം നമ്മുടെ ജീവിതത്തിൽനിന്ന് എല്ലാ തിന്മകളെയും ഈശോയോടുള്ള സ്നേഹത്തെ പ്രതി ദൂരെയകറ്റാൻ ഈ നോമ്പുകാലം സഹായിക്കട്ടേയെന്ന് പ്രാർത്ഥിച്ചുകൊണ്ട് + പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി — + മാർ ലോറൻസ് മുക്കുഴി
25-01-2025 — ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

NB : ഈ സർക്കുലർ 23.02.2025ന് എല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്.

Prot. No. 0024/2025

**സിനഡനന്തര സർക്കുലർ**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മുപ്പത്തിമൂന്നാമതു സിനഡിന്റെ ആദ്യസമ്മേളനം 2025 ജനുവരി 6 മുതൽ 11 വരെ സഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടന്നു. 'പ്രത്യാശയുടെ തീർത്ഥാടകരായി' നമ്മുടെ കർത്താവീശോമിശിഹായുടെ മനുഷ്യാവതാരത്തിന്റെ ജൂബിലിവർഷത്തിലേക്ക് നാം കടന്നിരിക്കുകയാണല്ലോ. 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല'. 'കാരണം, നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു' (റോമ. 5:5) എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ ക്രൈസ്തവമായ പ്രത്യാശ എന്താണെന്ന് വ്യക്തമാക്കുന്നു. പ്രത്യാശയ്ക്കുവിരുദ്ധമായി നമ്മെ അസ്വസ്ഥതപ്പെടുത്തുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്ന വാർത്തകൾ വർധിക്കുമ്പോഴും നമ്മുടെ കർത്താവിന്റെ വരവിനെ നോക്കിപാർത്തു പ്രത്യാശയോടെ നീങ്ങാൻ നാമോരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നു. ഫ്രാൻസിസ് മാർപാപ്പ പ്രസ്താവിക്കുന്നതുപോലെ പ്രത്യാശാനിർഭരമായ ഈ ജീവിതത്തിനു നമ്മെ സജ്ജരാക്കുന്നത് നമ്മുടെ വിശ്വാസജീവിതമാണ്. അതു മാമ്മോദീസായിൽ തുടക്കംകുറിച്ചു, ദൈവകൃപയോടുള്ള തുറവിയിലൂടെ വളർന്നു, പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളിലൂടെ നിരന്തരം നവീകരിക്കപ്പെടുന്നതും ഉറപ്പിക്കപ്പെടുന്നതുമായ പ്രത്യാശയിൽ സജീവമാക്കപ്പെടുന്നു. പ്രത്യാശപകരുന്ന പ്രവൃത്തികളിലൂടെ ജൂബിലിവർഷം ആചരിക്കാൻ നമുക്കു പരിശ്രമിക്കാം.

സീറോമലബാർസഭയെ സംബന്ധിച്ചിടത്തോളം പ്രത്യാശപകരുന്ന കൃപയുടെ അനുഭവം ലഭിച്ച കാലഘട്ടം കൂടിയാണിത്. നമ്മുടെ സഭാംഗമായ മോൺ. ജോർജ് കൂവക്കാട് ഒരു വൈദികനായിരിക്കെത്തന്നെ

സർവത്രികസഭയിലെ കർദിനാളായി തെരഞ്ഞെടുക്കപ്പെട്ടത് നമ്മുടെ സഭയ്ക്ക് ഏറെ അഭിമാനകരമാണ്. അദ്ദേഹത്തിന്റെ ഭാവിശുശ്രൂഷകൾക്കു സഭയുടെ പേരിൽ പ്രാർഥനാശംസകൾ നേരുന്നു. ഗൾഫ് മേഖലയിലെ പ്രവാസികളായ സീറോമലബാർ വിശ്വാസികളുടെ അജപാലന പ്രവർത്തനങ്ങൾക്കായ് നമ്മുടെ സഭയുടേതായ തനതുസംവിധാനങ്ങൾ രൂപപ്പെടണമെന്നതു ദീർഘകാലമായുള്ള ആവശ്യമായിരുന്നു. ഇക്കാര്യത്തിൽ നമ്മുടെ സഭയ്ക്ക് അനുകൂലമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ എടുത്ത നിലപാടു സഭാംഗങ്ങൾക്കു മുഴുവൻ പ്രത്യാശ പകരുന്നതാണ്. നാടിന്റെ മുഴുവൻ ദുഃഖമായി മാറിയ വയനാട് വിലങ്ങാട് പ്രകൃതിദുരന്തങ്ങളിൽ തകർന്നുപോയ ജീവിതങ്ങളെ പുനരുദ്ധരിക്കാൻ ഒരുമനസ്സോടെ അണിനിരക്കാൻ കഴിഞ്ഞുവെന്നതു നമ്മുടെ സമൂഹത്തിന്റെ നന്മയിലുള്ള പ്രത്യാശ വർധിപ്പിക്കുന്നതാണ്. ഈ വർഷം നമുക്കു 287 നവവൈദികരെയും 404 നവസന്യസ്തരെയും ലഭിച്ചതിനും ദൈവത്തിനു നമുക്കു നന്ദിപറയാം.

**കർഷകരുടെ ആശങ്കകൾ പരിഹരിക്കപ്പെടണം**

കാർഷികവൃത്തിയെ ആശ്രയിച്ചു ജീവിക്കുന്നവരുടെയും വനാതിർത്തിയിൽ ജീവിക്കുന്ന സാധാരണ മനുഷ്യരുടെയും ആശങ്കകളും വേദനകളും ശ്രദ്ധാപൂർവം സിനഡ് വിലയിരുത്തി. നിയമസഭയിൽ അവതരിപ്പിക്കാനായി പ്രസിദ്ധീകരിച്ചിരിക്കുന്ന കേരള വനം നിയമഭേദഗതി ബില്ലിനെകുറിച്ചു ലക്ഷക്കണക്കിനു കർഷകർക്ക് ഗൗരവമായ ആശങ്കകൾ ഉണ്ട്. കേരളത്തിന്റെ വനാവൃതി വർധിച്ചുവരുമ്പോഴും വനനിയമങ്ങൾ കൂടുതൽ കർക്കശമാക്കുന്നതു വനപാലകരുടെ അധികാര ദുർവിനിയോഗത്തിനും പൊതുജനത്തിന്റെ അവകാശ ലംഘനത്തിനും ഇടയാക്കുമെന്നതിനാൽ പ്രസ്തുത ബിൽ പുനഃപരിശോധിക്കണ മെന്നു സിനഡു സർക്കാരിനോടഭ്യർഥിക്കുന്നു.

**സിനഡാത്മക സഭ**

സഭയുടെ കൂട്ടായ്മയെ ശക്തിപ്പെടുത്താനും കാരുണ്യത്തിന്റെ മുഖത്തെ കൂടുതൽ പ്രകാശിപ്പിക്കാനുമായി പരിശുദ്ധ പിതാവു റോമിൽ വിളിച്ചുകൂട്ടിയ സിനഡാത്മകതയെക്കുറിച്ചുള്ള ആഗോളസിനഡിന്റെ സമാപന പ്രബോധനരേഖയുടെ വെളിച്ചത്തിൽ നമ്മുടെ സഭയുടെ പ്രവർത്തനശൈലിയിലും ഘടനയിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചു സിനഡ് ചർച്ചനടത്തുകയുണ്ടായി. ഇതിനു സഹായകമായ കർമപദ്ധ തികൾ പ്രസ്തുത പ്രബോധനരേഖയുടെ വെളിച്ചത്തിൽ

കൂടിയാലോചനകളിലൂടെ രൂപത-ഇടവക തലങ്ങളിൽ ആവിഷ്ക്കരിക്കേണ്ടതാണ്.

നമ്മുടെ സമുദായം നേരിടുന്ന വിവിധങ്ങളായ പ്രതിസന്ധികളെ മനസിലാക്കാനും പരിഹാരം കണ്ടെത്താനുമായി രണ്ടായിരത്തി ഇരുപത്തിയാറാമാണ്ട് സീറോമലബാർസഭ സമുദായശാക്തീകരണവർഷമായി പ്രഖ്യാപിക്കാൻ സിനഡു തീരുമാനിച്ചിട്ടുണ്ട്. പാലായിൽ സമാപിച്ച സഭയുടെ അഞ്ചാമത് മേജർ ആർക്കിഎപ്പിസ്കോപ്പൽ അസ്സംബ്ലിയിൽ സമുദായശക്തീകരണത്തിനു സഹായകമായ കർമപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുള്ളതു നടപ്പിലാക്കാൻ നമ്മുടെ എല്ലാ രൂപതകളും ശ്രദ്ധിക്കുമല്ലോ.

**എറണാകുളം-അങ്കമാലി അതിരൂപത**

എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കാൻ ഏറെ നാളുകളായി ആത്മാർഥമായി പരിശ്രമിക്കുന്നുണ്ടെങ്കിലും പ്രതിസന്ധികൾ പൂർണമായി പരിഹരിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല എന്ന യാഥാർഥ്യം സിനഡുപിതാക്കന്മാർ എളിമയോടെ അംഗീകരിക്കുന്നു. ഐക്യത്തിന്റെ പുതിയ പ്രഭാതം വിദൂരമല്ല എന്ന പ്രത്യാശയോടെയാണ് ഈ വിഷയം സിനഡുപിതാക്കന്മാർ ചർച്ചചെയ്തത്. എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി സേവനം ചെയ്തിരുന്ന മാർ ബോസ്കോ പുത്തൂർ പിതാവിന്റെ പ്രവർത്തനങ്ങൾ സഭയ്ക്കു മുഴുവൻ പ്രത്യാശപകരുന്നതായിരുന്നെന്ന് സിനഡു വിലയിരുത്തി. ശ്ലൈഹിക സിംഹാസനത്തിന്റെയും സിനഡിന്റെയും നിർദേശങ്ങൾ പൂർണമായി അനുസരിച്ചുകൊണ്ട് അപ്പസ്തോലിക ധീരതയോടെ പിതാവ് എടുത്ത നിലപാടുകൾ മൂലം അതിരൂപതയ്ക്കു വേണ്ടി 24 വൈദികാർഥികളുടെ തിരുപ്പട്ടസ്വീകരണം നടന്നു. അതിരൂപതയിൽ അച്ചടക്കം തിരികെക്കൊണ്ടുവരാൻ പിതാവു നടത്തിയ പ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയമാണെന്ന് സിനഡ് വിലയിരുത്തി.

എന്നാൽ, ആരോഗ്യപരമായ കാരണങ്ങളാൽ 2024 സെപ്റ്റംബർ മാസത്തിൽത്തന്നെ അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവ് പരിശുദ്ധ പിതാവിനു രാജി സമർപ്പിച്ചിരുന്നു. 2025 ജനുവരി 11 നു രാജി പ്രാബല്യത്തിൽ വന്നതായി വത്തിക്കാനിൽനിന്നു അറിയിപ്പു ലഭിച്ചിട്ടുണ്ട്. അതോടൊപ്പം, അപ്പസ്തതോലിക്ക് അഡ്മിനിസ്ട്രേഷൻ അവസാനിപ്പിച്ച് എറണാകുളം-അങ്കമാലി അതിരൂപതയുടെ ഭരണചുമതല മേജർ

ആർച്ചുബിഷപ്പിനെ 2025 ജനുവരി 11 മുതൽ തിരികെ ഏല്പ്പിക്കുന്നതായും ശ്ലൈഹികസിംഹാസനം അറിയിച്ചിട്ടുണ്ട്. ഏറെ സങ്കീർണമായ ഒരു കാലഘട്ടത്തിൽ സഭയുടെ മനസ്സറിഞ്ഞ് അതിരൂപതയെ ധീരമായി നയിച്ച അഭിവന്ദ്യ മാർ ബോസ്കോ പുത്തൂർ പിതാവിനു സഭയുടെ മുഴുവൻ സ്നേഹവും നന്ദിയും ഞാൻ അറിയിക്കുന്നു.

സഭയ്ക്കു മുഴുവനുംവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ ബൃഹത്തായ ഉത്തരവാദിത്വങ്ങൾ പരിഗണിച്ച് എറണാകുളം-അങ്കമാലി അതിരൂപതയുടെ ദൈനംദിന ഭരണനിർവഹണ ത്തിനായി മേജർ ആർച്ചുബിഷപ്പിന്റെ വികാരിയെ നിയമിക്കാൻ സിനഡു തീരുമാനിച്ചു. പ്രാർഥനാപൂർവമായ വിചിന്തനങ്ങൾക്കുശേഷം പരിശുദ്ധാത്മാവിനാൽ പ്രേരിതരായി സിനഡുപിതാക്കന്മാർ ഈ ശുശ്രൂഷയ്ക്കായി തെരഞ്ഞെടുത്തതു തലശ്ശേരി അതിരൂപതാ ധ്യക്ഷനായ മാർ ജോസഫ് പാംപ്ലാനി പിതാവിനെയാണ്. തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ ശുശ്രൂഷകൾ തുടരുന്നതായിരിക്കും. എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സഭാത്മകമായി പരിഹരിക്കാനാകും എന്ന പ്രത്യാശ സിനഡിനുണ്ട്.

ഈ ജൂബിലിവർഷത്തിൽ പ്രത്യാശയുടെ തീർഥാടകരായി മിശിഹായോടുചേർന്ന് ഒരുമിച്ചു യാത്രചെയ്യാൻ എല്ലാവരെയും ഞാൻ സ്നേഹപൂർവം സ്വാഗതംചെയ്യുന്നു. ഈ സാഹചര്യത്തിൽ ചില കാര്യങ്ങളിൽ വ്യക്തതവരുത്താൻ സിനഡുപിതാക്കന്മാർ ആഗ്രഹിക്കുന്നു. സീറോമലബാർസഭയുടെ സിനഡു തീരുമാനിച്ചതും ശ്ലൈഹിക സിംഹാസനം അംഗീകരിച്ചതും നടപ്പിലാക്കാൻ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ രണ്ടു തവണ കത്തുകളിലൂടെയും ഒരു തവണ വീഡിയോസന്ദേശത്തിലൂടെയും നേരിട്ട് ആവശ്യപ്പെട്ടതുമായ ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതി സീറോമലബാർസഭ മുഴുവനിലും നടപ്പിലാക്കണമെന്ന തീരുമാനത്തിനു യാതൊരു മാറ്റവുമില്ല. പരിശുദ്ധ പിതാവ് അന്തിമതീരുമാനം അറിയിച്ചുകഴിഞ്ഞ ഇക്കാര്യത്തിൽ യാതൊരുവിധ പുനരാലോചനയും സാധ്യമല്ല എന്ന സത്യം എല്ലാ കത്തോലിക്കാവിശ്വാസികളും വിവേകപൂർവം മനസിലാക്കണം.

2024 ജൂലൈ ഒന്നാം തീയതി നല്കിയ വിശദീകരണക്കുറിപ്പിനെ (Ref. No. 6/2024) സ്ഥിരമായ ഒരു ഒത്തുതീർപ്പായി ആരും വ്യാഖ്യാനിക്കരുത്. എറണാകുളം-അങ്കമാലി അതിരൂപതയിൽ ഞായറാഴ്ചകളിലെ പതിവു കുർബാനകളിൽ ഒന്നെങ്കിലും

ഏകീകൃതരൂപത്തിൽ ചൊല്ലുന്നവർക്കെതിരേ ജൂൺ 9ന് നല്കിയ സർക്കുലറിൽ (Ref. No. 4/2024) അറിയിച്ച പ്രകാരമുള്ള ശിക്ഷാ നടപടികൾ ആരംഭിക്കുന്നതല്ല എന്ന അർഥത്തിലാണ് പ്രസ്തുത വിശദീകരണം നൽകിയിരിക്കുന്നത്. ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണത്തിലേക്കുള്ള ആദ്യ ചുവടുവയ്പായാണ് ഇതിനെ മനസിലാക്കേണ്ടത്.

ആരാധനാക്രമത്തിലെ അഭിപ്രായാന്തരങ്ങൾ തെരുവിലെ സംഘർഷങ്ങളാക്കി മാറ്റുന്നത് ഏറെ ദുഃഖകരമാണ്. ഐക്യത്തിന്റെ കൂദാശയായ വിശുദ്ധ കുർബാനയുടെ അർപ്പണം നാട്ടിലെ ക്രമസമാധാനവിഷയമായി മാറ്റുന്നതിൽ സഭയൊന്നാകെ വേദനിക്കുന്നുണ്ട്. ഈ ശൈലിയിൽ നമുക്ക് ഇനിയും മുന്നോട്ടുപോകാനാവില്ല എന്ന സത്യം ബന്ധപ്പെട്ടവർ മനസിലാക്കണം. സിനഡിനെ അനുകൂലിക്കുന്നവർ എന്ന വ്യാജേന സാമൂഹിക മാധ്യമങ്ങളിലും തെരുവിലും സഭയെ അപമാനിക്കുന്നരീതിയിൽ ഇടപെടലുകൾ നടത്തുന്നവരുടെ നിലപാടുകളും സഭാവിരുദ്ധ പ്രവർത്തനങ്ങളാണെന്ന് ഓർമിപ്പിക്കുന്നു.

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പുപിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2025 ാം ആണ്ട് ജനുവരി മാസം 11-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

ഈ സർക്കുലർ 2025 ജനുവരി 19-ാം തീയതി ഞായറാഴ്ച സീറോമലബാർ സഭയിലെ എല്ലാ ഇടവകപള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിത ഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

## 58 മത് ലോകസമാധാനദിനത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നൽകുന്ന സന്ദേശം (ജനുവരി 1, 2025)

**"ഞങ്ങളുടെ തെറ്റുകൾ ക്ഷമിക്കണമേ; നിന്റെ സമാധാനം ഞങ്ങൽക്കു നൽകണമേ."**

### I. അപകടസ്ഥിതിയിൽ ആയിരിക്കുന്ന മനുഷ്യരാശിയുടെ രോദനം ശ്രവിക്കുന്നത്.

1 . ജുബിലിയുടേതായ പ്രത്യാശയുടെ ചൈതന്യത്തിൽ സ്വർഗീയ പിതാവ് നമുക്ക് നൽകിയിരിക്കുന്ന ഈ പുതിയ വർഷത്തിന്റെ പിറവിയിൽ ഞാൻ ഓരോ സ്ത്രിക്കും പുരുഷനും എന്റെ ഹൃദയം നിറഞ്ഞ സമാധാനത്തിന്റെ ആശംസകൾ നേരുന്നു. മർദ്ദിതർ എന്നു സ്വയം തോന്നുന്നവരെയും പഴയ പാപങ്ങളാൽ ഭാരപ്പെടുന്നവരെയും മറ്റുള്ളവരുടെ വിധിയാൽ പീഡിപ്പിക്കപ്പെടുന്നവരുടെയും അങ്ങനെ തങ്ങളുടെ ജീവിതങ്ങളിൽ പ്രത്യാശയുടെ ഒരംശപോലും കാണാൻ കഴിയാത്തവരെയും ഞാൻ ഓർക്കുന്നു. എല്ലാവരുടെയും മേൽ ഞാൻ പ്രത്യാശയും സമാധാനവും വിളിച്ചപേക്ഷിക്കുന്നു; എന്തേന്നാൽ, ഇത് രക്ഷകന്റെ ഹൃദയത്തിൽനിന്നു വരുന്ന കൃപയുടെ വർഷമാണ്.

2. ഈ വർഷ മൂഴുവൽ കത്തേലിക്കാസഭ ജൂബീലി ആഘോഷിക്കുകയാണ് - എല്ലാവരുടെയും ഹൃദയങ്ങൽ പ്രത്യാശയാൽ നിറയുന്ന സംരംഭം. "ജൂബിലി"എന്നത് ഒരു പുരാതന യഹുദ ആചാരം അനുസ്മരിപ്പിക്കുന്നു. മുട്ടനാടിന്റെ കൊമ്പ്(ram's horn =ഹിബ്രുവിൽ,"യോവേൽ") ഊതിക്കൊണ്ട് 49-ാം വർഷത്തിനു ശേഷമുള്ള ഒരു വർഷം ജനത്തിനു മുഴുവൻ മാപ്പിന്റെയും സ്വാതന്ത്ര്യത്തിന്റെയും വർഷമായി പ്രഖ്യപിക്കുകയായിരുന്നു പതിവ് (ലേവ്യ. 25 :10 കാണുക) ഈ മഹത്തായ പ്രഖ്യാപനം ദേശം മുഴുവൻ മുഴങ്ങികേൾക്കേണ്ടതായിരുന്നു (ലേവ്യ. 25 :9 കാണുക). അതുവഴിയായി ദൈവത്തിന്റെ നീതി ജീവിതത്തിന്റെ എല്ലാ തുറകളിലും പുനഃപ്രതിഷ്ഠിക്കേണ്ടിയിരുന്നു: ഭുമിയുടെ ഉപയോഗത്തിൽ, വസ്തുവകകൾ സ്വന്തമായിരിക്കുന്നതിന്റെ കാര്യത്തിൽ, മറ്റുള്ളവരുമായുള്ള ബന്ധങ്ങളിൽ, ഏറെ പ്രത്യേകിച്ച് ദരിദ്രരും അവകാശങ്ങൾ നഷ്ട്ടപ്പെട്ടവരുമായുള്ള ബന്ധങ്ങളിൽ. മുട്ടനാടിന്റെ കൊമ്പ് ഊതിയത് ധനികരും ദരിദ്രരും ഉൾപ്പെടെയുള്ള മുഴു

വൻ ജനത്തെയും മറ്റൊരു കാര്യംകൂടി ഓർമിപ്പിച്ചു. അതായത്, ഒരാൾപോലും ഈ ലോകത്തിലേക്ക് അടിച്ചമർത്തപ്പെടാനായി വരുന്നില്ല എന്നത്: നാമെല്ലാവരും സഹോദരി സഹോദരന്മാരാണ്, ഏക പിതാവിന്റെ പുത്രിപുത്രന്മാർ; കർത്താവിന്റെ ഹിതമനുസരിച്ച് സ്വാതന്ത്ര്യത്തിൽ ജീവിക്കാനാണ് നാം ജനിച്ചിരിക്കുന്നത് (ലേവ്യ 25 :17, 25, 43, 46, 55 കാണുക).

3. നമ്മുടെ ഈ നാളുകളിലും നമ്മുടെ ഈ ലോകത്ത് ദൈവത്തിന്റെ വിമോചനാത്മക നീതി സ്ഥാപിക്കാനുള്ള പ്രചോദനമായി ജൂബിലി നിലകൊള്ളുന്നു. മുട്ടനാടിന്റെ കുഴൽ ഊതുന്നതിന് പകരം ഈ കൃപാവർഷത്തിന്റെ ആരംഭത്തിൽ "സഹായത്തിനായുള്ള നിരാശനിറഞ്ഞ മുറവിളിയാണ്" (1) നാം കേൾക്കാൻ ശ്രമിക്കുന്നത്. ആബേലിന്റെ രക്തത്തിൽ നിന്നെന്ന പോലെ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ഉയരുന്ന ഈ രോദനം ദൈവം ഒരിക്കലും കേൾക്കാതിരിക്കുന്നില്ല (ഉത്പ 4:10 കാണുക). നമ്മുടെ ഭാഗത്തുനിന്ന് ഭുമിയെ ചുഷണം ചെയ്യുകയും നമ്മുടെ അയൽക്കാരെ അടിച്ചമർത്തുകയും ചെയ്യുന്ന അനവധിയായ സാഹചര്യങ്ങൾക്കെതിരായി സ്വരമുയർത്തുകയും അവയെ അപലപിക്കുകയും ചെയ്യുക എന്നത് അനിവാര്യമാണ് (2). ഈ അനീതികൾ വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ പറഞ്ഞതുപോലെ "പാപത്തിന്റെ സംവിധാനങ്ങളുടെ"(structures of sin) രൂപത്തിൽ ചിലപ്പോഴൊക്കെ പ്രത്യക്ഷപ്പെടാവുന്നതാണ് (3). അവ കുറച്ചുപേരുടെ ഭാഗത്തുനിന്നു വരുന്ന അനീതിക്കൊണ്ടു മാത്രമാകണമെന്നില്ല; സംഘാതാത്മകമായ കുറ്റത്തിന്റെ ശൃംഖലവഴി അവ ശക്തമായി യോജിപ്പിക്കപ്പെടുകയും നിലനിർത്തപ്പെടുകയും ചെയ്യുന്നതാവാം.

4. നമ്മുടെ പൊതു ഭവനമായ ഭൂമി നശിപ്പിക്കപ്പെടുന്നതിൽ നമ്മൾ ഓരോരുത്തരും ഒരുവിധത്തിൽ ഉത്തരവാദികൾ ആണെന്നുള്ള ബോധ്യം നമ്മുക്ക് ഉണ്ടാകണം. ഭുമി അപ്രകാരം നാശത്തിനു വിധേയമാക്കപ്പെടുന്നത് നാം ചെയ്യുന്ന ചില പ്രവൃത്തികളിൽ ആരംഭിക്കുന്നു; നേരിട്ടല്ലെങ്കിലും ഇന്നത്തെ നമ്മുടെ മാനവകുടുംബത്തെ ബാധിച്ചിരിക്കുന്ന പല സംഘർഷങ്ങൾക്കും അക്കംക്കുട്ടാൻ ആ പ്രവൃത്തികൾ സഹായകമായിട്ടുണ്ട്. സംഘാതാത്മകമായ വെല്ലുവിളികൾ, അവ്യക്തങ്ങളെങ്കിലും പരസ്പരം ബന്ധിതമായിരിക്കുന്ന അവ, സൃഷ്ടിക്കപ്പെടുകയും ഒരുമിച്ചുചേർക്കപ്പെട്ട് നമ്മുടെ ലോകത്ത് വളരെ വലിയ ദുരന്തത്തിനു കാരണമാവുകയും ചെയ്യുന്നു (4) പ്രത്യേകമായി, ഞാൻ ഇവിടെ ഓർക്കുന്നത് എല്ലാത്തരത്തിലുമുള്ള അസമത്വങ്ങളാണ്: അഭയാർത്ഥി

കളോടു കാണിക്കുന്ന മനുഷ്യത്വമില്ലാത്ത പെരുമാറ്റം, പരിസ്ഥിതിയുടെ ജീർണിക്കൽ, ബോധപൂർവം തെറ്റായി നൽകുന്ന വിവരങ്ങൾവഴി ഉണ്ടാകുന്ന സംഭ്രമം, ഒരുവിധത്തിലും സംവാദത്തിനു തയ്യാറാകാത്ത സമീപനരീതി, യുദ്ധമെന്ന വ്യവസായത്തിനുവേണ്ടി ചെലവഴിക്കുന്ന കണക്കില്ലാത്ത വിഭവശേഷി തുടങ്ങിയവ. ഇവയെല്ലാം ഒരുമിച്ചുചേർത്താൽ, മനുഷ്യരാശിയുടെ അസ്തിത്വത്തിനുതന്നെ അവ വലിയൊരു ഭീഷണിയായി നിലകൊള്ളുന്നു. അതിനാൽ, ഈ വർഷം ആരംഭിക്കുമ്പോൾത്തന്നെ, വേദനിക്കുന്ന മനുഷ്യ സമുഹത്തിന്റെ നിലവിളി കേൾക്കാൻ നാം ആഗ്രഹിക്കുന്നു. അത് വ്യക്തികൽ എന്ന നിലയിലും സമുഹമെന്ന നിലയിലും അനീതിയുടെ നുകം തച്ചുടയ്ക്കുന്നതിനും ദൈവത്തിന്റെ നീതി പ്രഖ്യാപിക്കുന്നതിനും വേണ്ടിയുള്ള നമ്മുടെ വീളി ശ്രവിക്കുന്നതിനാണ്. ഇതിന് ഏതെങ്കിലും ചില സമയങ്ങളിൽ പെട്ടെന്നു നടത്തുന്ന മനുഷ്യ സ്നേഹപരമായ പ്രവൃത്തികൾമാത്രം പോരാ. നിലനിൽക്കുന്ന പരിവർത്തനം ഉണ്ടാകണമെങ്കിൽ അതിനു സംസ്കാരികവും ഘടനാപരവപമായ വ്യത്യാസങ്ങൾ ഉണ്ടാകേണ്ടത് അനിവാര്യമാണ് (5)

**II. ഒരു സാംസ്കാരിക പരിവർത്തനം: നമ്മളെല്ലാവരും കടക്കാരാണ്**

5. ജൂബിലി ആഘോഷം നമ്മളിൽ ഏതാനും വ്യത്യാസങ്ങൾ ഉണ്ടാക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. ഇന്നത്തെ അനീതിയും അസമത്വവും നിറഞ്ഞ സാഹചര്യത്തെ അഭിമുഖികരിക്കാൻ ഭൂമിയുടെ നന്മകളെല്ലാം ഭാഗ്യവാന്മാരായ കുറച്ചുപേർക്ക് മാത്രമല്ല, എല്ലാവർക്കുംവേണ്ടി ഉള്ളതാണ് എന്ന് ഓർമ്മപ്പെടുത്തുന്നതാണ് അത് (6). ഇവിടെ കേസറിയായിലെ വിശുദ്ധ ബാസിലിന്റെ വചനങ്ങൾ അനുസ്മരിക്കുന്നത് ഉചിതമായിരിക്കും: ''നിനക്ക് സ്വന്തമായിട്ടുള്ളത് ഏവ എന്നു നീ പറയുക. അവ നിന്റെ ജീവിതത്തിന്റെ ഭാഗമാക്കാൻ നീ എവിടെയാണ് അവ കണ്ടെത്തിയത്?...നിന്റെ അമ്മയുടെ ഉദരത്തിൽനിന്നു നീ നഗ്നനായല്ലേ പുറത്തുവന്നത്? നീ നഗ്നനായിയല്ലേ ഭൂമിയിലേക്ക് തിരികെ പോകുന്നത്?

നിന്റെ വസ്തുവകകൾ എവിടെനിനിനു നിനക്കു കിട്ടി? ഭാഗ്യം കൊണ്ടാണ് അവ നിനക്കു ലഭിച്ചത് എന്ന് നീ പറഞ്ഞാൽ നീ ദൈവത്തെ നിരാകരിക്കുകയായിരിക്കും; അങ്ങനെ നിന്നെ സൃഷ്ടിച്ചത് നീ അംഗികരിക്കാതിരിക്കുകയും നിനക്കു നന്മകൾ നൽകുന്നവനോടു കൃതജ്ഞത പ്രകാശിപ്പിക്കാതിരിക്കുകയും ചെയ്യും'' (7) കൃതജ്ഞതാ പ്രകാശനമില്ലാതെ നമുക്ക് ദൈവത്തിന്റെ ദാനങ്ങൾ തിരിച്ചറിയാനാവില്ല. എന്നാലും കർത്താവ് തന്റെ അനന്തകാരുണ്യത്തിൽ പാപപങ്കിലമായ മനുഷ്യരാ

ശിയെ ഉപേക്ഷിക്കുന്നില്ല ; അതിനുപകരം അവിടുന്ന് തന്റെ ജീവന്റെ ദാനം അവർക്കു നൽകുന്നു ; യേശുക്രിസ്തുവഴി എല്ലാവർക്കു ലഭ്യമാക്കുന്ന രക്ഷാകരമായ പാപപ്പൊറുതിവഴിയാണ് അത് സാധ്യമാകുന്നത്. അതിനാലാണ്, ''സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർഥനയിൽ'' ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടു ക്ഷമിക്കണമേ എന്നു പ്രാർഥിക്കാൻ യേശു നമ്മെ പഠിപ്പിച്ചത്.

6. പിതാവുമായുള്ള നമ്മുടെ ബന്ധം നഷ്ടപ്പെട്ടുകഴിഞ്ഞാൽ പിന്നിട് അന്യരുമായുള്ള നമ്മുടെ ബന്ധം ചൂഷണത്തിന്റെയും അടിച്ചമർത്തലിന്റെയും തലത്തിലേക്ക് പ്രവേശിക്കുന്ന മിഥ്യാധാരണയാൽ നിയന്ത്രിക്കപ്പെടും; അവിടെ ശക്തി ആയിരിക്കും ശരിയായിട്ടുള്ളത് (8) ദരിദ്രരുടെ സഹനത്തിൽനിന്നു ലാഭംകൊയ്തിരുന്ന യേശുവിന്റെ കാലത്തെ വരേണ്യ വർഗത്തെപ്പോലെ ഇന്ന് പരസ്പരം ബന്ധിതമായിരിക്കുന്ന നമ്മുടെ ആഗോളഗ്രാമത്തിൽ (9), അന്താരാഷ്ട്രവ്യവസ്ഥിതി, അത് ഐക്യമത്യത്തിന്റെയും പരസ്പര അശ്രയത്വത്തിന്റെയും ചൈതന്യത്താൽ നയിക്കപ്പെടാതെവന്നാൽ, അഴിമതിയാൽ കലുഷിതമാക്കപ്പെടുന്ന അനിതിക്ക് ജന്മം നൽകുകയും ദരിദ്രരാഷ്ട്രങ്ങൾ ആ കെണിയിൽ അകപ്പെടുകയും ചെയ്യും. കടക്കാരായിരിക്കുന്നവരെ ചൂഷണം ചെയ്യുന്ന മനഃസ്ഥിതി ഇന്നത്തെ ''കടബാധ്യത പ്രതിസന്ധി''(debt crisis) എന്ന ചുരുക്കെഴുത്തുവഴി വിവരിക്കാവുന്നതാണ്; അത് ഇന്ന് കുറെയധികം രാഷ്ട്രങ്ങളുടെമേൽ, പ്രത്യേകിച്ച് ''ആഗോള ദക്ഷിണ രാജ്യങ്ങളുടെമേൽ'' (global South), വലിയ ഭാരമായി നിൽക്കുന്നു.

7. വിദേശകടം ആധിപത്യം പുലർത്താനുള്ള ഒരു മാർഗമായി മാറിയിരിക്കുന്നു എന്നു ഞാൻ ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്. കാരണം, ചില ഭരണകൂടങ്ങളും സമ്പന്നരാഷ്ട്രങ്ങളിലെ സ്വകാര്യ ധനകാര്യസ്ഥാപനങ്ങളും തങ്ങളുടെ കമ്പോളങ്ങളുടെ ആവശ്യങ്ങൾ നിലനിർത്താനായി അനൈതികമായും തരാതാരംനോക്കാതെയും ദരിദ്രരാഷ്ട്രങ്ങളുടെ മാനുഷിക വിഭവങ്ങളും പ്രകൃതി വിഭവങ്ങളും ചൂഷണം ചെയ്യുന്നു (10). ഇപ്പോൾത്തന്നെ അന്താരാഷ്ട്ര കടത്താൽ വലയുന്ന പല ജനതകളും വികസിത രാജ്യങ്ങൽ വരുത്തിവച്ച ''പാരിസ്ഥിതിക കടത്തിന്റെ''(ecoligical debt) ഭാരംകൂടി ചുമക്കേണ്ടതായി വരുന്നു(11) വിദേശ കടവും പാരിസ്ഥിതിക കടവും ഒരേ നാണയത്തിന്റെ ഇരുവശങ്ങളാണ്; അതായത്, ചൂഷണത്തിന്റെ മനഃസ്ഥിതി കടത്തിന്റെ പ്രതിസന്ധിയിൽ കലാശിച്ചത് (12). ആകയാൽ, ഈ ജൂബിലി വർഷത്തിന്റെ ചൈതന്യത്തിൽ ഞാൻ അന്താരാഷ്ട്രസമൂഹത്തോട് അഭ്യർഥിക്കുന്നു:

ഈ ലോകത്തിന്റെ ഉത്തരവും ദക്ഷിണവും (the North and the South) തമ്മിൽ നിലനിൽക്കുന്ന പാരിസ്ഥിതിക കടം അംഗികരിച്ചുകൊണ്ട് വിദേശ കടം എഴുതിത്തള്ളാനുള്ള മാർഗങ്ങൾ ആരായണമെന്ന്. ഇത് ഐകമത്യത്തിനുള്ള ഒരു ആഹ്വാനമാണ്, അതിലുപരി നീതിക്കായുള്ള ആഹ്വാനമാണ് (13).

8. ഈ പ്രതിസന്ധി മറികടക്കാനുള്ള സാംസ്കാരികവും ഘടനാപരവുമായ പരിവർത്തനം സാധ്യമാകുന്നത് നാമെല്ലാവരും ഏക പിതാവിന്റെ പുത്രിപുത്രന്മാരാണന്ന് ആത്യന്തികമായി നാം അംഗികരിക്കുമ്പോഴാണ്; അതായത്, നാമെല്ലാവരും അവിടുത്തോട് കടപ്പെട്ടിരിക്കുന്നു എന്നും പങ്കുവയ്ക്കലിന്റെയും വ്യത്യസ്തങ്ങളായ ഉത്തരവാദിത്വത്തിന്റെയും ചൈതന്യത്തിൽ നമുക്ക് എല്ലാവർക്കും പരസ്പരം ആവശ്യമുണ്ട് എന്നും അംഗികരിക്കുബോൾ. അപ്പോൾ നമുക്ക് "പരസ്പരം ആവശ്യമുണ്ടെന്ന് എന്നേക്കുമായി തിരിച്ചറിയാനും" നാം പരസ്പരം കടപ്പെട്ടിരിക്കുന്നു എന്നു മനസിലാക്കാൻ സാധിക്കും (14).

### III. ഒരു പ്രത്യാശയുടെ സഞ്ചാരം: മൂന്നു നിർദേശങ്ങൾ

9. അനിവാര്യമായ ഈ പരിവർത്തനങ്ങൾ നാം ഹൃദയത്തിൽ സ്വാംശികരിച്ചാൽ അവ കൃപയുടെ ഈ ജൂബിലി വർഷം നമുക്ക് ഓരോരുത്തർക്കും ദൈവത്തിന്റെ അതിരുകളില്ലാത്ത കരുണയുടെ അനുഭവത്താൽ നവമായ പ്രത്യാശയുടെ തീർത്ഥാടനം നടത്താൻ സഹായകമാകും.

ദൈവം ആർക്കും ഒന്നും കടപ്പട്ടിട്ടില്ല; എന്നാലും ദൈവം തന്റെ കൃപയും കരുണയും എല്ലാവരുടെയുംമേൽ ചൊരിയുന്നു. ഏഴാം നൂറ്റാണ്ടുകരനായ പൗരസ്ത്യ സഭാപിതാവായ നിനിവേയിലെ ഇസഹാക്ക് തന്റെ ഒരു പ്രാർഥനയിൽ ഇപ്രകാരം എഴുതി; "നിന്റെ സ്നേഹം, നാഥാ, എന്റെ തെറ്റുകളേക്കാൾ വലുതാണ്. എന്റെ പാപക്കൂമ്പാരവുമായി തട്ടിച്ചുനോക്കുമ്പോൾ കടലിലെ തിരമാലകൾപോലും ഒന്നുമല്ല; എന്നാൽ, എന്റെ കുറ്റങ്ങൾ നിന്റെ സ്നേഹത്തോടു ചേർത്ത് അളന്നു നോക്കിയാൽ അവ പുഴിയിലെ ഒരു തരിപോലെ അപ്രത്യക്ഷമാകും" (16). നമ്മൾ ചെയ്യുന്ന തിന്മകൾ ദൈവം അളന്നുനോക്കുന്നില്ല; കാരണം, അവിടന്ന് അത്യധികമായി "കരുണയിൽ സമ്പന്നനാണ്, എന്തെന്നാൽ, വലിയ സ്നേഹത്തോടെ അവിടുന്ന് നമ്മെ സ്നേഹിച്ചു" (എഫേ. 2:4) അതേസമയം, അവിടന്ന് ദരിദ്രരുടെ രോദനവും ഭൂമിയുടെ നിലവിളിയും കേൾക്കുന്നു. ഈ വർഷം ആരംഭിക്കുമ്പോൾ ഒരു നിമിഷം മാറിനിന്ന് അവിടത്തെ കരുണയെക്കുറിച്ച് ചിന്തിക്കുന്നത് ഉചിതമായിരിക്കും;

എന്തെന്നാൽ, അവിടന്ന് നിരന്തരം നമ്മുടെ പാപങ്ങൾ പൊറുക്കുകയും ഓരോ കടവും ഇളച്ചുതരുകയും, അങ്ങനെ നമ്മുടെ ഹൃദയങ്ങൽ പ്രത്യാശയും സാമാധാനവുംകൊണ്ട് നിറഞ്ഞു കവിയുകയും ചെയ്യും.

10. ''സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ'' എന്ന പ്രാർഥന പഠിപ്പിച്ച യേശു നമ്മുടെ തെറ്റുകൽ ക്ഷമിക്കണമേ എന്നു പിതാവിനോട് അഭ്യർഥിച്ചുകൊണ്ട് ആരംഭിക്കുന്നു; എന്നാൽ ഉടൻതന്നെ അതിനോടൊപ്പം നമ്മെ വെല്ലുവിളിക്കുന്ന വാക്കുകളും ചേർക്കുന്നു; ''അന്യരുടെ തെറ്റുകൽ ഞങ്ങൽ ക്ഷമിക്കുന്നതുപോലെ'' (മത്താ. 6 :12 കാനുക). അന്യരുടെ തെറ്റുകൾ ക്ഷമിക്കുന്നതിനും അങ്ങനെ അവർക്കു പ്രത്യാശ പകരുന്നതിനും നമ്മുടെ ജീവിതങ്ങൽ തന്നെ അതേ പ്രത്യാശയാൽ നിറയപ്പടണം; അത് നാം ദൈവത്തിന്റെ കരുണ അനുഭവിച്ചതിന്റെ ഫലമായിരിക്കും. പ്രത്യാശ ഉദാരമനസ്കതയിലുടെ കവിഞ്ഞൊഴുകുന്നു; അത് കണക്കുകൂട്ടലുകളിൽ നിന്നും സ്വതന്ത്രമാണ്; അത് നിഗൂഢമായ അവകാശങ്ങൾ ഒന്നുമുയർത്തുന്നില്ല; അത് ലാഭത്തെക്കുറിച്ചു ചിന്തിക്കുന്നില്ല. അത് ഒരു കാര്യം മാത്രം ലക്ഷ്യംവയ്ക്കുന്നു: വീണുപോയവരെ ഉയർത്തിയെടുക്കാൻ, തകർന്ന ഹൃദയങ്ങളെ സുഖപ്പെടുത്താൻ, നമ്മെ എല്ലാ ബന്ധനങ്ങളിൽനിന്നും മോചിതരാക്കാൻ.

11. അകയാൽ, ഈ കൃപവർഷത്തിന്റെ ആരംഭത്തിൽ ഞാൻ മൂന്നു നിർദേശങ്ങൽ നൽകാൻ ആഗ്രഹിക്കുന്നു; എല്ലാ ജനതകളുടെയും ജീവിതത്തിന്റെ മാഹാത്മ്യം പുനഃസ്ഥാപിക്കാനും അവരെ നവമായ ഒരു പ്രത്യാശയുടെ തീർത്ഥാടനം നടത്താൻ പ്രാപ്തരാക്കാമനുമാണത്. ഈ രീതിയിൽ കടത്തിന്റെ പ്രതിസന്ധി മറികടക്കാനും അങ്ങനെ നാമെല്ലാവരും കടത്തിന് ഇളവ് ലഭിച്ച കടക്കാരാണെന്നുള്ള ബോധ്യം ഒരിക്കൽകൂടി നമ്മിൽ ഉണർത്താനും സാധിക്കും.

**ഒന്നാമതായി,** 2000- മാണ്ടിലെ മഹാജൂബിലി അവസരത്തിൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ നൽകിയ ആഹ്വാനം ഞാൻ ആവർത്തിക്കുന്നു; ''പല രാഷ്ട്രങ്ങളുടെയും ഭാവിയെ ഗൗരവതരമായി ബാധിക്കുന്ന അന്താരാഷ്ട്രകടം ഒന്നുകിൽ നിർണായകമായി കുറയ്ക്കുക അല്ലെങ്കിൽ പുർണമായും എഴുതിതള്ളുക എന്ന കാര്യം പരിഗണിക്കുക'' (17). വളരെയധികം പുരോഗമിച്ചിട്ടുള്ള രാജ്യങ്ങൾ തങ്ങൾ വരുത്തിവെച്ച പാരിസ്ഥിതിക കടം കണക്കിലെടുത്തു കൊണ്ട് തങ്ങൾക്കു കടം വീട്ടാനുള്ള രാഷ്ട്രങ്ങൾക്ക് ഇപ്പോൾ അത് ചെയ്യാനുള്ള പ്രാപ്തി ഒട്ടും ഇല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത കടങ്ങൾ എഴുതിത്തള്ളാനായി

താത്പര്യം കാണിക്കുക. അതേ സമയം, അക്കാര്യം ധനപരമായ സഹായം നൽകുന്നതിനും അങ്ങനെ കടപ്പെട്ടിരിക്കുന്നതിന്റെ ഘടനയെ കേവലം ഒറ്റപ്പെട്ട ഉപവി പ്രവൃത്തിയിലുടെ ഇല്ലാതാക്കുന്നതിനും തുല്യ മാക്കാതെ ഒരു പുതിയ സാമ്പത്തിക ക്രമംതന്നെ രൂപപ്പെടുത്തുന്നതിന്റെ ഭാഗമാക്കേണ്ടതുണ്ട്; അത് ജനതകൾ തമ്മിലുള്ള ഐകമത്യത്തിന്റെയും മൈത്രിയുടെയും അടിസ്ഥാനത്തിൽ രൂപപ്പെടുത്തേണ്ട ഒരു ആഗോള ധനതത്ത്വ പ്രമാണത്തിലേക്ക് (global financial Charter ) നയിക്കുന്നതാവണം.

മനുഷ്യജീവന്റെ മാഹാത്മ്യം ഉദ്ഭവം മുതൽ സാധാരണ മരണം വരെ ആദരിക്കാനുള്ള ശക്തമായ പ്രതിജ്ഞാബദ്ധത ഉണ്ടാക്കാനും ഞാൻ അഭ്യർഥിക്കുന്നു. അതുവഴിയായി ഓരോ വ്യക്തിക്കും അവന്റെയും അവളുടെയും ജീവൻ വിലമതിക്കാനും, എല്ലാവർക്കും, തങ്ങൾക്കും തങ്ങളുടെ മക്കൾക്കും, ശോഭനമായ ഒരു ഭാവിയും സന്തോഷവും പ്രത്യാശിക്കാനും ഇടവരും. ഭാവിയെക്കുറിച്ചുള്ള പ്രത്യാശയില്ലാതെ ഈ ലോകത്തേക്ക് പുതിയ ജീവിതങ്ങളെകൊണ്ടുവരുന്നത് യുവജനങ്ങൾക്ക് ബുദ്ധിമുട്ടായി ഭവിക്കും. ഇവിടെ ജീവന്റെ സംസ്കാരം പരിപാഷിപ്പിക്കുന്നതിന് ഉതകുന്ന മൂർത്തമായ ഒരു അടയാളാത്മക പ്രവർത്തി ഞാൻ നിർദേശിക്കട്ടെ, അതായത്, എല്ലാ രാഷ്ട്രങ്ങളും വധശിക്ഷ ഒഴിവാക്കുക. ഈ ശിക്ഷ ജീവന്റെ അലംഘനിയത്വത്തെ സംബന്ധിച്ച് വിച്ചുവീഴ്ച്ചയ്ക്ക് തയ്യാറാകുക മാത്രമല്ല, പൊറുതിക്കും പുനരധിവാസത്തിനും ഉള്ള മാനുഷിക പ്രത്യാശ ഇല്ലാതാക്കുകയും ചെയ്യുന്നു (18).

മാത്രമല്ല, വിശുദ്ധ പോൾ ആറാമൻ പാപ്പായുടെയും ബെനഡിക്ട് പതിനാറാമൻ പാപ്പായുടെയും (19). കാലടികൾ പിന്തുടർന്നുകൊണ്ട് ഭാവിതലമുറകൾക്കായി മറ്റൊരു ആഹ്വാനംകൂടി നൽകുന്നതിൽ ഞാൻ ശങ്കിക്കുന്നില്ല. യുദ്ധകലുഷിതമായ നമ്മുടെ ഈ കാലഘട്ടത്തിൽ, യുദ്ധ സാമഗ്രികൾ സംഭരിക്കുന്നതിനു നീക്കിവെക്കുന്ന തുകയിൽനിന്ന് ഒരു നിശ്ചിത ശതമാനം മാറ്റിവെച്ച് ദാരിദ്ര്യം ഉന്മൂലനം ചെയ്യുന്നതിനും ദരിദ്രരാഷ്ട്രങ്ങളിൽ സുസ്ഥിരമായ വികസനം പ്രോത്സാഹിപ്പിക്കുന്നതിനും കാലാവസ്ഥാ വ്യതിയാനം പ്രതിരോധിക്കുന്നതിനും ആയി ഒരു ആഗോളനിധി (global Fund )സ്വരുപിക്കുക (20). യുവജനങ്ങൾ തങ്ങളുടെ ഭാവി പ്രത്യാശാജനകം അല്ലെന്നും തങ്ങളുടെ പ്രിയപ്പട്ടവരുടെ രക്തം ചിന്തിയതിനു പകരംവിട്ടാതിരിക്കാൻ പറ്റില്ല എന്നും ചിന്തിക്കുന്ന മനോഭാവത്തെ പുർണമായും ഒഴിവാക്കാൻ നാം പ്രയത്നിക്കേണ്ടിയിരിക്കുന്നു.

ഭാവി എന്നത് നമുക്ക് നൽകപ്പെടുന്ന ഒരു ദാനമാണ്; അത് നമ്മുടെ ഗതകാല പരാജയങ്ങൽക്ക് ഉപരിപോകാനും സമാധാനത്തിന്റെ പുതിയ പാതകൾ കണ്ടെത്താനുമുള്ള അവസരമാണ്.

## IV. സമാധാനം ലക്ഷ്യം വയ്ക്കുന്നത്

12. ഈ നിർദേശങ്ങൾ ശിരസാവഹിക്കുകയും പ്രത്യാശയുടെ തീർത്ഥാടനം നടത്തുകയും ചെയ്യുന്നവർ നിശ്ചയമായും, വളരെയേറെ ആഗ്രഹിക്കപ്പെടുന്ന, സമാധാനം പിറക്കുന്നതിന്റെ സൂചനകൾ കാണും. സങ്കിർത്തകൻ ഇപ്രകാരം നമ്മോടു വാഗ്ദാനം ചെയ്യുന്നു; "കൃപയും സത്യവും തമ്മിൽ അശ്ലേഷിക്കും; നിതിയും സമാധാനവും ചുംബിക്കും" (സങ്കി 85:10) എനിക്ക് മറ്റൊരാൾ കടം വീട്ടാൻ ഉണ്ടെന്നുള്ള ആയുധം ഞാൻ ഒഴിവാക്കുമ്പോൾ എന്റെ സഹോദരി സഹോദരന്മാർക്ക് ഞാൻ പ്രത്യാശയുടെ പാത തുറന്നുകൊടുക്കുന്നു; ഞാൻ ദൈവത്തിന്റെ നീതി ഈ ഭൂമിയിൽ സംജാതമാക്കാൻ സഹകരിക്കുകയും ആ വ്യക്തിയോടൊപ്പം സമാധാനം എന്ന ലക്ഷ്യത്തിലേക്ക് കൂതിക്കുകയും ചെയ്യുന്നു. വിശുദ്ധ ജോൺ 23- ാമൻ പാപ്പാ നിരീക്ഷിച്ചതുപോലെ, ഉത്കണ്ഠയുടെയും യുദ്ധഭയത്തിന്റെയും "ആയുധങ്ങൽ നീക്കപ്പെട്ട" ഒരു ഹൃദയത്തിൽനിന്നു മാത്രമേ യഥാർഥ സമാധാനം ജനിക്കാൻ സാധ്യതയുള്ളു (21).

13. സമാധാനം പുഷ്ടിപ്പെടുന്ന വർഷം ആകട്ടെ 2025. അത് കേവലം കരാറുകളുടെയും മാനുഷികമായ നിക്കുപോക്കുകളുടെയും വിശദാംശങ്ങളുടെ ഉപായങ്ങൾക്ക് ഉപരിനിൽക്കുന്ന യാഥാർഥവും നിലനിൽക്കുന്നതുമായ സമാധാനമാകട്ടെ (22). ആയുധങ്ങൾ ഒഴിവാക്കപ്പെട്ട ഹൃദയങ്ങൾക്ക് ദൈവം നൽകുന്ന യഥാർഥ സമാധാനം അന്വേഷിക്കാൻ ഇടവരട്ടെ. അപ്രകാരമുള്ള ഹൃദയങ്ങൾ ഏന്റെത് എതെന്നും നിന്റെത് ഏതെന്നും കണക്കു കൂട്ടാത്തവയായിരിക്കും; ആ ഹൃദയങ്ങൽ സ്വർഥതയിൽനിന്നുമാറി അന്യരിലേക്ക് എത്തിനിൽക്കാൻ താത്പര്യപ്പെടുന്നവയായിരിക്കും; ആ ഹൃദയങ്ങൾ തങ്ങൾ ദൈവത്തോട് കടപ്പെട്ടിരിക്കുന്നു എന്ന തിരിച്ചറിവിൽ അന്യരെ കീഴ്പ്പെടുത്തുന്ന കടങ്ങൽ അവർക്ക് ഇളച്ചുകൊടുക്കുന്നവയും ആയിരിക്കും; ആ ഹൃദയങ്ങൾ ഉത്കണ്ഠയ്ക്കുപകരം ഭാവിയെക്കുറിച്ചുള്ള പ്രത്യാശ പുലർത്തുന്നവയയായിരിക്കും; അതായത്, കൂടുതൽ നല്ല ഒരു ലോകം പടുത്തുയർത്തുന്നതിൽ ഓരോ വ്യക്തിക്കും ഒരു സ്രോതസ്സായി നിൽക്കാൻ സാധിക്കുന്നതരം ഹൃദയം.

14. ഹൃദയം നിരായുധീകരിക്കുക എന്നത് എല്ലാവരുടെയും ജോലിയണ് – വലിയവരുടെയും ചെറിയവരുടെയും, ധനവാന്മാരുടെയും ദരിദ്രരുടെയും. അതിനു ചില വേളകളിൽ നാം നടത്തുന്ന ചെറിയൊരു പ്രവൃത്തിമാത്രം മതിയാക്കും: "ഒരു പുഞ്ചിരി, മൈത്രീഭാവത്തിന്റെ ഒരു ചെറിയ പ്രകാശനം, ഒരു കരുണാർദ്ര കടാക്ഷം, കേൾക്കാനായി കാതു തുറക്കൽ, ഒരു നന്മപ്രവൃത്തി എന്നിവ" (23). ഇത്തരത്തിലുള്ള പ്രവൃത്തികളിലുടെ സമാധാനം എന്ന ലക്ഷ്യത്തിലേക്ക് നാം പുരോഗമിക്കും. നമ്മുടെ സഹോദരിസഹോദരന്മാരോടൊപ്പമുള്ള ഈ യാത്രയിൽ നമ്മൾ ആരംഭിച്ചിതത്തുനിന്നു മുന്നോട്ട് പോകുന്ന വഴിയിൽ നമുക്ക് പരിവർത്തനമുണ്ടെന്നു തിരിച്ചറിഞ്ഞാൽ എത്രയും പെട്ടന്ന് നാം ലക്ഷസ്ഥാനത്ത് എത്തിച്ചേരും. യഥാർഥത്തിൽ, യുദ്ധങ്ങൾ അവസാനിച്ചതുകൊണ്ട് മാത്രമല്ല സമാധാനം സംജാതമാക്കുന്നത്; പുതിയ ലോകത്തിന്റേതായി ഒരു പുലരി പിറക്കുമ്പോഴാണ് അത് സാധ്യമാകുന്നത്. അപ്രകാരമുള്ള ഒരു ലോകത്ത് വ്യത്യസ്തരായ നമുക്ക് നാം വിചാരിച്ചതിലും ഉപരി പരസ്പരം കൂടുതൽ അടുത്തു വരാനും കൂടുതൽ സാഹോദര്യം പുലർത്താനും സാധിക്കുമെന്നു നാം മനസ്സിലാക്കും.

15. "നാഥാ, നിന്റെ സമാധാനം ഞങ്ങൾക്കു നൽകണമേ!" രാഷ്ട്രനേതാക്കൾക്കും ഗവൺമെന്റുകൾക്കും അന്താരാഷ്ട്ര സംഘടനകളുടെ തലവന്മാർക്കും വ്യത്യസ്ത മതനേതാക്കൾക്കും സന്മനസ്സുള്ള ഓരോ വ്യക്തിക്കും എന്റെ ഹൃദയംനിറഞ്ഞ നവവത്സര ആശംസകൾ നേരുമ്പോഴുള്ള എന്റെ പ്രാർഥന ഇതാണ്.

അന്യരുടെ തെറ്റുകൾ ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, നാഥാ, ഞങ്ങളുടെ തെറ്റുകൽ ഞങ്ങളോടു ക്ഷമിക്കനമേ. ക്ഷമയുടെ ഈ ചക്രഗതിയിൽ, നിന്റെ സമാധാനം ഞങ്ങൾക്ക് നൽകണമേ. ആ സമാധാനം നിനക്കുമാത്രം നൽകാവുന്നതാണല്ലോ; അത് നൽകപ്പെടുന്നത് ഹൃദയം സ്വയം നിരായുധീകരിക്കുന്നവർക്കാണല്ലോ; അത് നൽകപ്പെടുന്നത് തങ്ങളുടെ സഹോദരിസഹോദരന്മാരുടെ കടങ്ങൾ പ്രത്യാശപൂർവം ക്ഷമിക്കുന്നവർക്കാണല്ലോ; അത് നൽകപ്പെടുന്നത് ഭയരഹിതമായി നിന്നോടു തങ്ങളുടെ കടങ്ങൾ ഏറ്റുപറയുന്നവർക്കാണല്ലോ; അത് നൽകപ്പെടുന്നത് ദരിദ്രരുടെ രോദനം കേട്ടിട്ട് തങ്ങളുടെ കാതുകൾ അടയ്ക്കാത്തവർക്കാണല്ലോ.

**വത്തിക്കാനിൽ നിന്ന് 2024 ഡിസംബർ എട്ടാം തീയതി നൽകപ്പെട്ടത്.**
**ഫ്രാൽസിസ് പാപ്പാ**

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യലയം
പി.ഒ.സി., കൊച്ചി –682 025

# ക്രിസ്തു ജൂബിലി 2025

♦ജൂബിലി വർഷത്തിൽ പരി. ഫ്രാൻസിസ് പിതാവിന്റെ ആഹ്വാനമനുസരിച്ച്, വത്തിക്കാൻ സുനഹദോസിന്റെ **"തിരുസഭ", "ആരാധനക്രമം", "ദൈവവചനം", "സഭ ആധുനിക ലോകത്തിൽ"** എന്നീ നാല് പ്രമാണരേഖകൾ നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും പഠിക്കുന്നതിന്റെ ഭാഗമായി 2025 ഫെബ്രുവരി മാസം 26 ൻ രൂപതാ കേന്ദ്രത്തിൽ ഒരു ഏക ദിന പഠനശിബിരം ക്രമീകരിച്ചിരിക്കുന്നു. പാലക്കാട് രൂപതാംഗമായ ബഹു. ഡോ. അരുൺ കലമറ്റത്തിൽ അച്ചനാണ് ക്ലാസ്സുകൾക്ക് നേതൃത്വം കൊടുക്കുന്നത്. എല്ലാ ബഹു. വൈദികരും, ഇടവകകളിലും വാർഡ് യൂണിറ്റുകളിലും ക്ലാസ്സുകൾ എടുക്കുവൻ നിയോഗിക്കപ്പെട്ടിരിക്കുന്ന ബഹു. സിസ്റ്റേഴ്സും ഇതിൽ പങ്കെടുക്കുമല്ലോ.

♦ **"കുരിശ് യാത്ര"**

ഈശോയുടെ ജൂബിലി വർഷത്തോടനുബന്ധിച്ചുള്ള കുരിശ് പ്രയാണത്തിന് ജഡ്ക്കൽ ഫൊറോനായിൽ ഉജ്ജ്വല സ്വീകരണം. ജനുവരി 4 നു ശിരൂർ ഇടവകയിൽ കുരിശ് പ്രയാണത്തിന് തുടക്കം കുറിച്ചു. വികാരി ബഹു. ഫ്രാൻസിസ് ഓടംമ്പള്ളി അച്ചനും, അസ്സി. വികാരി ബഹു. മണപ്പാട്ട് മാത്യു അച്ചനും, ഇടവകാംഗങ്ങളും ചേർന്ന് കുരിശ് സ്വീകരിക്കുകയും ശിരൂർ ഇടവകയിൽ സ്ഥാപിക്കുകയും ചെയ്തു. തുടർന്ന് ജനുവരി 12 മുതൽ 18 വരെ മഡ്ലോടി ഇടവകയിലും, ജനുവരി 19 മുതൽ 25 വരെ കൽമക്കി ഇടവകയിലും, കുരിശ് സ്ഥാപിച്ചു. ജനുവരി 25 നു ജഡ്ക്കൽ ഫൊറോനാ ദേവാലയത്തിൽ കുരിശ് പ്രയാണത്തിന് തുടക്കം കുറിച്ചു. ഫൊറോനാ വികാരി പെരിയ ബഹു. മാണി വെളുത്തേടത്ത്പറമ്പിൽ അച്ചനും, ഇടവകാംഗങ്ങളും ചേർന്ന് കുരിശ് സ്വീകരിക്കുകയും ജഡ്ക്കൽ ഇടവകയിൽ സ്ഥാപിക്കുകയും ചെയ്തു. ഈ ദിവസങ്ങളിൽ ദേവാലയങ്ങളിൽ വെള്ളിയാഴ്ച്ചയും, ഞായറാഴ്ച്ചയും കുരിശിന്റെ വഴി നടത്തുകയും, കുരിശിന്റെ പ്രാധാന്യത്തെക്കുറിച്ച് ബഹു. വികാരിമാർ പഠിപ്പിക്കുകയും ചെയ്തു. ഈ ഇടവകകളിൽ ഉള്ള എല്ലാ ഭവനങ്ങളിലും വിശുദ്ധ കുരിശിനെ ഭക്തിയോടെ സ്വീകരിക്കുകയും, ബഹുമാനപ്പെട്ട വികാരിയച്ചന്മാർ നിർദ്ദശിക്കുന്ന കാര്യങ്ങൾ ചെയ്തു വരുകയും ചെയ്യുന്നു.

**Fr. Lawrence Poonolil**
Chancellor

# രൂപതാകാര്യാലയം

♦ **Pope's Monthly Intention for February - 2025**

പുരോഹിത സന്യസ്ത ജീവിതങ്ങളിലേക്കുള്ള ദൈവവിളികൾക്കുവേണ്ടി :

പുരോഹിത, സന്യാസ ജീവിതങ്ങളിലൂടെ ക്രിസ്തുവിന്റെ ദൗത്യത്തെ സേവിക്കാൻ വിളിക്കപ്പെട്ടതായി അനുഭവപ്പെടുന്ന യുവജനങ്ങളുടെ ആഗ്രഹങ്ങളെയും സന്ദേഹങ്ങളേയും സ്വാഗതം ചെയ്യാൻ സമൂഹത്തിനു കഴിയുന്നതിനു വേണ്ടി നമുക്കു പ്രാർത്ഥിക്കാം.

♦ **Let us Pray for Rev. Fathers :**

Prayerful Greetings to Very Rev. & Rev. Fathers

Birth day :

| | |
|---|---|
| Mathew Kottarathil | 05 |
| Devasia Vadakkeveettil | 08 |
| Joseph Valookaran | 22 |
| Joseph Kurialassery | 28 |

♦ **Transfer & Appointments of Rev. Fathers** :

| Names & Surname | Parish | Designation |
|---|---|---|
| 1. Rev. Fr. Alex Muthupalckal OFM Cap. | Nellyady, Arla & Ichilampady | Asst. Vicar |
| 2. Rev. Fr. Thadathanayil William | Language Studies | |
| 3. Rev. Fr. Kurian Vazhuthanappillil MST | Kutrupady, Padavu & Mardhala | Asst. Vicar |
| 4. Rev. Fr. Thurackal Joseph | Kankanady, Kattipalla & Thokkottu | Asst. Vicar |
| 5. Rev. Fr. Thazhekkattil Mathew | PRO (Additional) (w.e.f. 28.01.2025) | |
| 6. Rev. Fr. Maligeyil Varkey | Moorje(Additional) | Priest-In-Charge (w.e.f.-28.01.2025) |

7. Rev. Fr. Lawrence Poonolil - Diocesan Safe-Environment Policy Co-Ordinator (Additional)

8. Rev. Fr. Thomas Kallikatt :- First Section-General Affairs, the Secretariat of State, Rome.

♦ **പ്രാർത്ഥനാംശംസകൾ**

- **സി. എം. സി. സന്യാസിനി** സമുഹത്തിന്റെ സെന്റ് എവുപ്രാസിയ പ്രോവിൻസിന്റെ പുതിയ പ്രോവിൻഷ്യൽ സുപ്പിരീയറായി തിരഞ്ഞെടുക്കപ്പെട്ട ബഹു. സി. മെർലിൻ സി. എം. സി. യ്ക്കും ടീം അംഗങ്ങൾക്കും പ്രാർത്ഥനാശംസകൾ.

- **ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്യാസിനി** സമൂഹത്തിന്റെ തലശ്ശേരി സെന്റ് ജോസഫ് പ്രോവിൻസിന്റെ പുതിയ പ്രോവിൻഷ്യൽ സുപ്പിരിയർ ആയി തിരഞ്ഞെടുക്കപ്പെട്ട ബഹു. സി. അഞ്ജലിക്കും, ടീം അംഗങ്ങൾക്കും പ്രാർത്ഥനാശംസകൾ.

- **ദിവ്യകാരുണ്യ ആരാധനാ സന്യാസിനി** സമൂഹത്തിന്റെ തലശ്ശേരി സെന്റ് ജോസഫ് പ്രോവിൻസിന്റെ പുതിയ പ്രോവിൻഷ്യൽ സുപ്പിരിയർ ആയി തിരഞ്ഞെടുക്കപ്പെട്ട ബഹു. സി. അനിലക്കും, ടീം അംഗങ്ങൾക്കും പ്രാർത്ഥനാശംസകൾ.

- **തിരുഹൃദയ സന്യാസിനി** സമൂഹത്തിന്റെ തലശ്ശേരി സെന്റ് ജോസഫ് പ്രോവിൻസിന്റെ പുതിയ പ്രോവിൻഷ്യൽ സുപ്പിരിയർ ആയി തിരഞ്ഞെടുക്കപ്പെട്ട ബഹു.സി. ട്രീസാ പാലക്കിലിനും ടീം അംഗങ്ങൾക്കും പ്രാർത്ഥനാശംസകൾ.

- **ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്യാസിനി സമൂഹം,** റാണിമരിയ ബെൾത്തംഗഡി റീജിയന്റെ പുതിയ റീജിയണൽ സുപ്പീരിയർ ആയി തിരഞ്ഞെടുക്കപ്പെട്ട ബഹു.സി.ഡെയ്സി തോമസിനും, ടീം അംഗങ്ങൾക്കും പ്രാർത്ഥനാശംസകൾ.

- **തിരുഹൃദയ സന്യാസിനി സമൂഹം,** മേരിമാതാ ബെൾത്തംഗഡി റീജിയന്റെ പുതിയ റീജിയണൽ സുപ്പീരിയർ ആയി തിരഞ്ഞെടുക്കപ്പെട്ട ബഹു.സി.ലിസ് ആലപ്പാട്ടിനും, ടീം അംഗങ്ങൾക്കും പ്രാർത്ഥനാശംസകൾ.

♦ **പ്രാർത്ഥനാംശംസകൾ**

റോമിലെ സെക്രട്ടറി ഓഫ് സ്റ്റേറ്റിന്റെ ജനറൽ അപെഴ്സിന്റെ ഓഫിസിലേയ്ക്ക് സേവനത്തിനായി നിയോഗിക്കപ്പെട്ടിരികുന്ന ബഹു, തോമസ് കള്ളിക്കാട്ട് അച്ചന് രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകളും, പുതിയ സേവന രംഗങ്ങളിൽ ദൈവാനുഗ്രഹവും വിജയവും നേരുകയും ചെയ്യുന്നു.

♦ **Sunday Collections :** 9th February 2025: Holy Childhood day.

**Fr. Lawrence Poonolil**
Chancellor

# വിശ്വാസപരിശീലന രംഗം

**" അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരിടണം. എന്തെന്നാൽ, അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നും മോചിപ്പിക്കും. " - മത്തായി 1:21.**

## വിശ്വാസപരിശീലന ക്ലാസുകളുടെ സന്ദർശനം:

**സന്ദർശിച്ച സണ്ടേസ്കൂളുകൾ:**

പദവു, കുദ്രുപ്പാടി, നീരാജേ, ഹൊസ്കോട്ട, ഗോണികൊപ്പലു, ഹെഗ്ഗള, മൂർനാടു, സിദ്ധലിംഗാപുര, തോട്ടത്താടി.

**അടുത്ത സന്ദർശനങ്ങൾ:**

ഫെബ്രുവരി 2 - ബെൽത്തംഗഡി

ഫെബ്രുവരി 9 - പുത്തൂർ, സുള്ള്യ, സമ്പാജേ.

ഫെബ്രുവരി 16 - മൂർജെ.

## സണ്ടേസ്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ

ഏപ്രിൽ ആറാം തീയതി രാവിലെ 10 മണി മുതൽ 12.30 വരെ സണ്ടേസ്കൂൾ രണ്ടാം സെമസ്റ്റർ പരീക്ഷ നടത്തപ്പെടുന്നതാണ്.

## ചോദ്യപേപ്പറുകൾ ഓർഡർ ചെയ്യുക:

രണ്ടാം സെമസ്റ്റർ പരീക്ഷ നടത്താൻ നിങ്ങളുടെ ഇടവകയ്ക്ക് ആവശ്യമായ ചോദ്യപേപ്പറുകളുടെ എണ്ണം ഭാഷാ അടിസ്ഥാനത്തിൽ തന്നിരിക്കുന്ന ഫോമിൽ പൂരിപ്പിച്ച് മാർച്ച് 15ന് മുമ്പായി ഇവിടെ എത്തിക്കേണ്ടതാണ്.

## Syllabus for Second Semester - 2025

**Lessons:**

Class 1st to 10th – Chapters 9 to 15.

Class 11th & 12th – Chapters 7 to 12.

**GK:** 1. Syro-Malabar Church 2. Belthangady Diocese.

**Prayers & Questions:** It will be sent through Whats App.

**Saints:** Saint Francis Xavier - for Class 4th to 12th.

## Question Paper Pattern

**1st - 3rd STD** - Oral questions in three languages - **40** Marks.

**4th STD - Total 80 Marks**

| | | Qns. | | Mks. | | Total |
|---|---|---|---|---|---|---|
| I Fill in the blanks | - | 7 | x | 2 | = | 14 |
| II Choose the correct answer | - | 7 | x | 2 | = | 14 |
| III Match the following | - | 5 | x | 2 | = | 10 |
| IV Short Answer Questions | - | 6 | x | 3 | = | 18 |
| | | | | | | 56 |

**Questions for oral examination:**

| | | | | | | |
|---|---|---|---|---|---|---|
| I Saint Francis Xavier | - | 4 | x | 2 | = | 8 |
| II Prayers & Questions | - | 4 | x | 2 | = | 8 |
| III G.K. | - | 4 | x | 2 | = | 8 |
| | | | | | | 24 |

**5th – 10th STD** - Total **80** Marks

| | | | | | | |
|---|---|---|---|---|---|---|
| I Fill in the blanks | - | 5 | x | 2 | = | 10 |
| II Choose the correct answer | - | 5 | x | 2 | = | 10 |
| III Match the following | - | 5 | x | 1 | = | 05 |
| IV Short Answer Questions | - | 5 | x | 3 | = | 15 |
| V Long Answer Questions | - | 4 | x | 4 | = | 16 |
| | | | | | | 56 |

**Questions for oral examination:**

| | | | | | | |
|---|---|---|---|---|---|---|
| I Saint Francis Xavier | - | 4 | x | 2 | = | 8 |
| II Prayers & Questions | - | 4 | x | 2 | = | 8 |
| III G.K. | - | 4 | x | 2 | = | 8 |
| | | | | | | 24 |

**11th & 12th STD** - Total **80** Marks

| | | | | | | |
|---|---|---|---|---|---|---|
| I Fill in the blanks | - | 4 | x | 1 | = | 4 |
| II Choose the correct answer | - | 4 | x | 1 | = | 4 |
| III Match the following | - | 4 | x | 1 | = | 4 |
| IV Short Answer Questions | - | 4 | x | 5 | = | 20 |
| V Long Answer Questions | - | 3 | x | 8 | = | 24 |
| | | | | | | 56 |

**Questions for oral examination:**

| | | |
|---|---|---|
| I Saint Francis Xavier | - | 4 x 2 = 8 |
| II Prayers & Questions | - | 4 x 2 = 8 |
| III G.K. | - | 4 x 2 = 8 |
| | | 24 |

**ക്രിസ്തോത്സവം**

മാർച്ച് 31, ഏപ്രിൽ 1, 2 തീയതികളിലും ഏപ്രിൽ 10 മുതൽ 12 വരെയുള്ള തീയതികളിലും നടത്തുന്നതായിരിക്കും.

# ചെറുപുഷ്പ മിഷൻലീഗ്

**മിഷൻഗ്രാമം**

മിഷൻ ഗ്രാമവുമായി നിങ്ങൾ ബന്ധപ്പെട്ടുകാണും എന്ന് ഞാൻ വിശ്വസിക്കുന്നു. നിങ്ങൾ ചെയ്ത പ്രവർത്തനങ്ങളുടെ റിപ്പോർട്ട് തയ്യാറാക്കി ഒരു കോപ്പി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്. അതിൽ ഈ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെട്ടിരിക്കണം:

1. മിഷൻ ഗ്രാമത്തിന്റെ പേര് 2. അവിടുത്തെ അച്ചന്റെ പേര് 3. നിങ്ങൾ ബന്ധപ്പെട്ട വ്യക്തികൾ 4. അവിടെയുള്ള മിഷൻ ലീഗ് കുട്ടികളുടെ വിവരങ്ങൾ 5. അവിടെയുള്ള ആകെ വീടുകൾ 6. അവരുടെ ആധ്യാത്മികവും സാമ്പത്തികവുമായ സ്ഥിതി 7. നിങ്ങൾ അവിടെ എന്താണ് ചെയ്തത് 8. എത്ര പ്രാർത്ഥന ചൊല്ലി സമർപ്പിച്ചു.

**സെമിനരി ഫണ്ട് നല്കിയവർ**

| | | |
|---|---|---|
| Thottathady | - | 5000 |
| 7th Hoskote | - | 1000, |
| Kalenja | - | 1000 |
| Kutruppady | - | 1000 |

**മിഷൻസണ്ടേ ഓഹരി നൽകിയവർ**

| | | |
|---|---|---|
| Mudur | - | 20,000, |
| Katipalla | - | 5000 |

| | | |
|---|---|---|
| Heggala | - | 3000 |
| Maddody | - | 2000 |

**പ്രവർത്തനം**

തിരുബാലസഖ്യ കുട്ടികൾക്കുവേണ്ടി ഒരു വിശ്വാസപ്രമാണം ചൊല്ലി കാഴ്ചവച്ച് പ്രാർത്ഥിക്കുക.

**വചനം**

"ഈ ചെറിയവരിൽ ഒരുവൻപോലും നശിച്ചുപോകാൻ എന്റെ സ്വർഗ്ഗസ്ഥനായ പിതാവ് ഇഷ്ടപ്പെടുന്നില്ല." - മത്തായി 18:14.

**അനുസ്മരിക്കുന്ന തിരുനാൾ**

ഐർലാന്റിലെ വിശുദ്ധ ബ്രിജിദ് - ഫെബ്രുവരി 1.

**സുകൃതജപം**

ബോധജ്ഞാനത്തിന്റെ സിംഹാസനമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

# തിരുബാലസഖ്യം

**തിരുബാലസഖ്യ ദിനാചരണം**

ഫെബ്രുവരി 9 ാം തീയതി തിരുബാലസഖ്യ ദിനമായി നമ്മൾ ആചരിക്കുന്നു. അന്ന് തിരുബാലസഖ്യം കുട്ടികൾക്കായി കാഴ്ച സമർപ്പണം നടത്തണം. കൂടാതെ മീറ്റിങ്ങും കലാപരിപാടികളും നടത്താൻ സാധ്യത ഉള്ളിടത്ത് നടത്തണമെന്ന് ഓർമിപ്പിക്കുന്നു.

**പ്രവർത്തനം**

ഒരു സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ... എന്ന പ്രാർത്ഥന എല്ലാ ദിവസവും ചൊല്ലി തിരുബാലസഖ്യ കുട്ടികൾക്കുവേണ്ടി കാഴ്ചവച്ച് പ്രാർത്ഥിക്കുക.

**വചനം**

ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും - മത്തായി 1:23.

**സുകൃതജപം**

ഈശോയെ ഞാൻ നിന്നെ സ്നേഹിക്കുന്നു

# ബൈബിൾ അപ്പസ്തോലേറ്റ്

## ബൈബിൾ എഴുതുക

മാസത്തിൽ രണ്ട് അധ്യായംവീതം എഴുതിയാൽ വലിയ പ്രയാസംകൂടാതെ നവംബർ ആകുംബോഴേക്കും നമുക്ക് വി. യോഹന്നാൻ അറിയിച്ച സുവിശേഷം എഴുതിത്തീർക്കാൻ സാധിക്കും. ജനുവരിയിൽ നിങ്ങൾ 1,2 അധ്യായങ്ങൾ എഴുതി എന്ന് ഞാൻ വിശ്വസിക്കുന്നു. ഫെബ്രുവരിയിൽ 3,4 അധ്യായങ്ങൾ എഴുതുകയും കുട്ടികളെ എഴുതാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ.

## വിശുദ്ധ യോഹന്നാൻ അറിയിച്ച സുവിശേഷം പഠിക്കാം

തുടർച്ച ...

**1:18 – ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല:** ദൈവത്തെ നേരിൽ കാണാൻ കഴിയില്ലെന്നും (പുറപ്പാട് 33:20) കഴിയുമെന്നും (പുറപ്പാട് 24: 9–11) ഉള്ള രണ്ട് പാരമ്പര്യങ്ങൾ പഴയ നിയമത്തിലുണ്ട്. ദൈവം ആത്മാവായതിനാൽ മാനുഷിക നേത്രങ്ങൾകൊണ്ട് അവിടുത്തെ കാണുക അസാധ്യം. (4:24, 1 തിമോ 6:16). യേശു അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപമാണ് (14:9, കൊളോ 1:15).

**ദൈവം തന്നെയായ ഏകജാതൻ:** ഈ വചനം യേശുവിന്റെ ദൈവത്വം നേരിട്ട് പ്രഖ്യാപിക്കുന്നു. വചനം ദൈവത്തിന്റെ ഏകപുത്രനും ദൈവവുമാണ്.

**പിതാവുമായി ആത്മബന്ധം പുലർത്തുന്ന:** പിതാവിന്റെ 'വക്ഷസ്സിലേക്കായിരിക്കുന്ന' പുത്രൻ എന്നാണ് മൂലകൃതിയിൽ പറഞ്ഞിരിക്കുന്നത്. ദൈവവുമായുള്ള ചലനാത്മകവും സജീവവുമായ ഗാഢബന്ധം ഇത് ഊന്നിപ്പറയുന്നു.

**1:20 – ഏലിയായോ?:** മിശിഹായുടെ വരവിനായുള്ള മുന്നൊരുക്കങ്ങൾ ഏലിയാ പൂർത്തിയാക്കുമെന്ന് മാലാക്കി പ്രവാചകൻ പ്രവചിച്ചിരുന്നതിനാൽ (പ്രഭാ 48:10, മലാ 4:5) ഏലിയാ പ്രവാചകൻ തിരിച്ചുവരുമെന്ന് ഇസ്രായേൽ ജനം വിശ്വസിച്ചിരുന്നു.

**1:21 – പ്രവാചകനാണോ?** – മോശയേപ്പോലുള്ള മറ്റൊരു പ്രവാചകന്റെ ആഗമനം ഇസ്രായേൽ ജനം കാത്തിരിക്കുകയായിരുന്നു (നിയ 18:15–19,

അപ്പ 3:22). പുതിയ മോശയുടെ ദൗത്യം സാക്ഷാത്കരിച്ചത് യേശുവായിരുന്നു (4:20-26, 6:14, 7:40)

**1:29 – ദൈവത്തിന്റെ കുഞ്ഞാട്:** ഈ സംബോധന യേശുദൗത്യത്തിന്റെ ബലിയർപ്പണ സ്വഭാവത്തിന്റെ സൂചനയാണ്. ദൈവം തരുന്ന കുഞ്ഞാടിനെക്കുറിച്ചും (ഉല്പത്തി 22:8) പെസഹാ കുഞ്ഞാടിനെ കുറിച്ചും (പുറപ്പാട് 12:13) ജനങ്ങളുടെ പാപങ്ങൾ വഹിക്കുന്ന കുഞ്ഞാടിനെ കുറിച്ചും പഴയനിയമം പ്രതിപാദിക്കുന്നു. കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയുള്ള സഹനദാസനെ ഏശയ്യ 53:7,8 അവതരിപ്പിക്കുന്നുണ്ട്. ദേവാലയത്തിൽ എല്ലാ ദിവസവും അർപ്പിക്കപ്പെടുന്ന കുഞ്ഞാടും ഇവിടെ ശ്രദ്ധേയമാണ്. യോഹന്നാൻ വെളിപാട് 5:6 ലും 17:14 ലും തിന്മയെ നശിപ്പിക്കാൻ അധികാരമുള്ള കുഞ്ഞാടിനെ കുറിച്ചും പരാമർശിക്കുന്നുണ്ട്.

**1:32 – പ്രാവിന്റെ രൂപത്തിൽ:** പ്രാവ് ഉല്പത്തി പുസ്തകത്തിൽ പുതിയ സൃഷ്ടിയുടെ പ്രതീകമാണ് (ഉല്പത്തി 8:8). ഇസ്രായേൽ സമൂഹത്തെ (ഹോസിയ 11:11) സൂചിപ്പിക്കുന്നതുമാകാം ഈ അടയാളം.

**1:33 – പരിശുദ്ധാത്മാവുകൊണ്ട്:** യേശു അരൂപിയാൽ നിറഞ്ഞവനും അരൂപിയെ ലോകത്തിന് നൽകുന്നവനുമാണ്. ഉത്ഥാനാനന്തരം ശ്ലീഹന്മാർക്ക് പ്രത്യക്ഷപ്പെട്ട യേശു തൻറെ നിശ്വസനത്തിലൂടെ അവർക്ക് ആത്മാവിനെ നൽകുന്നു (20:22). പീഡാസഹന മരണോത്ഥാനങ്ങളിലൂടെ മഹത്വീകരിക്കപ്പെട്ട യേശുവാണ് പരിശുദ്ധാത്മാവിനെ നൽകുന്നത്.

**1:34 – ദൈവപുത്രൻ:** പിതാവിന്റെ വക്ഷസിലേക്കായിരിക്കുന്ന ഏകജാതനാണ് യേശു (1:18). സമവീക്ഷണ സുവിശേഷങ്ങളിൽ ഇവൻ എന്റെ പ്രിയപുത്രൻ (മത്താ 3:17, മാർക്കോ 1:11, ലൂക്കാ 3:22) എന്നു കാണുന്നു.

**1:38 – എവിടെയാണ് വസിക്കുന്നത്:** യേശു പിതാവായ ദൈവത്തോടൊത്താണ് വസിക്കുന്നത് എന്ന് ആമുഖത്തിൽ വ്യക്തമാക്കുന്നുണ്ട്. (1:18). ആഴമായ അർത്ഥത്തിൽ യേശുവിന്റെ ഈ ദൈവിക സ്വഭാവംതന്നെയാണ് ഇവിടെ അന്വേഷണ വിധേയമാക്കുന്നത്.

**1:39 – അവൻ വസിക്കുന്നിടം കണ്ടു:** ഇതിന്റെ വ്യംഗ്യം പിതാവിന്റെ വക്ഷസിലേക്കായിരിക്കുന്ന യേശുവിനെ അവർ കണ്ടെത്തിയെന്നാണ്.

യേശുവിന്റെ ദൈവത്വം തിരിച്ചറിയാത്തവൻ അവിടുത്തെ ശിഷ്യനല്ല. യേശുവിനോടൊത്തായിരിക്കുക എന്നതാണ് ശിഷ്യത്വത്തിന്റെ ലക്ഷ്യം.

**പത്താം മണിക്കൂർ**: റോമൻ സമ്പ്രദായമനുസരിച്ച് സൂര്യോദയത്തിനു ശേഷം പത്തുമണിക്കൂർ; ഏകദേശം വൈകുന്നേരം നാലുമണി.

**1:41 – മിശിഹായെ**: ഹീബ്രു ഭാഷയിൽ മിശിഹാ (ഗ്രീക്കിൽ ക്രിസ്തോസ്) എന്നതിന് അഭിഷിക്തൻ എന്നാണ് അർത്ഥം.

**1:48 – അത്തിമരം**: യഹൂദറബ്ബിമാർ അത്തിമരത്തിന്റെ ചുവട്ടിലിരുന്ന് തോറ പഠിച്ചിരുന്നു എന്ന പാരമ്പര്യം ആകാം ഈ പരാമർശത്തിന്റെ പിന്നിൽ. സമാധാനപരമായ അന്തരീക്ഷം എന്ന അർത്ഥവും ഈ സൂചനയിൽ ഉണ്ടെന്ന് ചിലർ കരുതുന്നു. (1 രാജാക്കന്മാർ 4:25, മിക്ക 4: 4, സഖറിയ 3:10) സമാധാന ദാതാവായ മിശിഹായുടെ വരവിനായി നാഥാനിയേൽ കാത്തിരുന്നു എന്ന് ഇവിടെ മനസ്സിലാക്കാം.

**1:51 – സത്യം സത്യമായി**: ഈ പദപ്രയോഗം യോഹന്നാന്റെ മാത്രം പ്രത്യേകതയാണ് (25 പ്രാവശ്യം). **കയറിപ്പോകുന്നതും മനുഷ്യപുത്രമേൽ ഇറങ്ങിവരുന്നതും**: യാക്കോബിന്റെ സ്വപ്നത്തെ സൂചിപ്പിക്കുന്നു (ഉത്പ 28:11-15). മനുഷ്യപുത്രൻ ദാനിയേൽ 7: 13 ലെ സ്വർഗീയ വ്യക്തിയെ സൂചിപ്പിക്കുന്നു. സ്വർഗ്ഗത്തിലെത്തിക്കുന്ന ഗോവണിയുടെ സ്ഥാനമാണ് ഇവിടെ യേശുവിന്. മനുഷ്യപുത്രൻ സ്വർഗവും ഭൂമിയും തമ്മിൽ ബന്ധിപ്പിക്കുന്ന ഗോവണിയാണ് (3:13, 6:62, 14:4-6) ചവിട്ടുകൊണ്ട് മനുഷ്യരെ ഉയരങ്ങളിൽ എത്തിക്കുന്നു എന്ന അർത്ഥത്തിൽ ഗോപണി പീഡാസഹന പ്രതീകം കൂടിയാണ്. മനുഷ്യാവതാരത്തിലൂടെ ദൈവം തന്റെ ജനത്തിന് സ്വയം വെളിപ്പെടുത്തുന്നതും ഇവിടെ അർത്ഥമാക്കുന്നുണ്ട്.

**2:3 – അവർക്ക് വീഞ്ഞില്ല**: യേശുവിന്റെ അമ്മ അവർക്ക് വീഞ്ഞ് തീർന്നുപോയി എന്നല്ല, അവർക്ക് വീഞ്ഞില്ല എന്നാണ് യേശുവിനെ അറിയിക്കുന്നത്. യേശു തന്റെ അടയാളം വഴി ആ വിരുന്നിൽ വീഞ്ഞിന്റെ കുറവ് പരിഹരിക്കുകയല്ല, അവർക്കില്ലാത്തത് നൽകുകയാണ് ചെയ്യുന്നത്. വീഞ്ഞ് പ്രതീകാത്മകമാണെന്ന സൂചനയാണിവിടെ.

**2:4 – സ്ത്രീയേ**: ഈ അഭിസംബോധന സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കുമെന്ന ദൈവവാഗ്ദാനം (ഉല്പ 3:15)

സൂചിപ്പിക്കുന്നു. പുതിയ ഹവ്വയുടെ സാന്നിധ്യത്തിൽ പുതിയ ആദമായ യേശു തന്റെ രക്ഷാകര ദൗത്യത്തിന് ആരംഭം കുറിക്കുന്നു. **എനിക്കും നിനക്കും എന്ത്?:** ഹെബ്രായ ഭാഷയിലുള്ള ഈ പ്രയോഗത്തിന് (ന്യായ 11:12, 2 ദിന 35:21, 1 രാജാ 17:18, ഹോസി 14:9) ഒരു അഭ്യർത്ഥന സ്വീകരിക്കുന്നെന്നോ (2 രാജാ 3:13) നിരസിക്കുന്നെന്നോ (2 സാമു 16:10) അർത്ഥമുണ്ട്. യേശുവിന്റെ ഈ വചനത്തെ ഇവിടെ മൂന്നു വിധത്തിൽ വ്യാഖ്യാനിക്കാം: 1. മറിയത്തിന്റെ അപേക്ഷയെ നിരസിക്കൽ; 2. മറിയത്തിന്റെ ഇടപെടലിനുള്ള ശാസന; 3. ഇടപെടലിന്റെ സംഗത്യത്തെ കുറിച്ചുള്ള ചോദ്യം. രക്ഷാകര ദൗത്യത്തിൽ രണ്ടുപേരുടെയും പങ്കിനെ വ്യക്തമാക്കുന്ന മൂന്നാമത്തെ വ്യാഖ്യാനത്തിനാണ് മുൻതൂക്കം. **എന്റെ മണിക്കൂർ ഇനിയും ആയിട്ടില്ല:** സമയം ഈ സുവിശേഷത്തിൽ പീഡാസഹനം, മരണം, ഉത്ഥാനം, സ്വർഗ്ഗാരോഹണം എന്നിവ അർത്ഥമാക്കുന്നു.

**2:5 – പറയുന്നതെന്തായാലും അതു ചെയ്യുവിൻ:** യേശു പറയുന്ന വചനത്തിലേക്കും യേശുവാകുന്ന വചനത്തിലേക്കുമാണ് മറിയം പരിചാരകരെ നയിക്കുന്നത്. മറിയത്തിന് യേശുവിലുള്ള ദൃഢമായ വിശ്വാസം ഇവിടെ പ്രകടമാകുന്നു.

**2:10 മേൽത്തരം വീഞ്ഞ്:** വിശുദ്ധ ഗ്രന്ഥത്തിലെ ഈ പ്രതീകത്തിന് പല അർത്ഥതലങ്ങളുണ്ട്: 1. മിശിഹാകാലത്തിന്റെ പ്രതീകമായ വീഞ്ഞിന്റെ സമൃദ്ധി (ഏശ 25:6, ജോയേ 3:18, ആമോ 9:13) 2. വൈവാഹിക സ്നേഹത്തിന്റെ ആനന്ദം (ഉത്തമ 1:2, 4:10, 7:9). 3. വീഞ്ഞിന് സത്താഭേദം വരുത്തി യേശു തന്നെത്തന്നെ ലോകത്തിന് നൽകുന്നതിന്റെ മുന്നാസ്വാദനം (6:53, 1 കോറി 10:16). 4. സ്വർഗീയ ജീവിതത്തിന്റെ പ്രതീകമായ കുഞ്ഞാടിന്റെ വിവാഹവിരുന്ന് (വെളിപാട് 19:7–9) ഹീബ്രു കവിതയിൽ മുന്തിരിച്ചാറിനെ രക്തം എന്ന് പറയുന്നത് (ഉല്പ 49:11, നിയമാ 32:14) ഇവിടെ ശ്രദ്ധേയമാണ്.

**2:11 – അടയാളങ്ങൾ:** അടയാളം (സെമെയ്യ) എന്ന പദം 17 തവണ യോഹന്നാനും 60 പ്രാവശ്യം പുതിയ നിയമത്തിലെ മറ്റ് ഗ്രന്ഥകർത്താക്കളും ഉപയോഗിച്ചിരിക്കുന്നു. ഈ പദം നാലാം സുവിശേഷത്തിന്റെ ആദ്യ 12 അധ്യായങ്ങളിൽ ഉപയോഗിച്ചിരിക്കുന്നതു കൊണ്ട് ആ ഭാഗത്തെ അടയാളങ്ങളുടെ ഗ്രന്ഥം എന്ന് വിളിക്കുന്നു. സുവിശേഷകന്റെ കാഴ്ചപ്പാടിൽ യേശു പ്രവർത്തിച്ച അടയാളങ്ങൾ

അത്ഭുത പ്രവർത്തികൾ മാത്രമായിരുന്നില്ല; ദൈവത്തിന്റെ മഹത്വവും പ്രതാപവും ക്രിസ്തുവിലൂടെ അനാവരണം ചെയ്യുന്ന അടയാളങ്ങൾ ആയിരുന്നു. പുറപ്പാടു സംഭവത്തിൽ തന്റെ മഹത്വം വെളിപ്പെടുത്താൻ മോശയിലൂടെ യാഹ്‌വേ (സംഖ്യ 14:22) പ്രവർത്തിച്ച അടയാളങ്ങളെ (പുറപ്പാട് 3:12, 4:28–31, നിയമാവർത്തനം 34:11) ഓർമിപ്പിക്കുന്നവയാണ് യേശുവിന്റെ അടയാളങ്ങൾ.

**2:25 – മനുഷ്യനിലുള്ളത് എന്താണെന്ന് അവൻ അറിഞ്ഞിരുന്നു:** തന്റെ അടയാളങ്ങൾ കണ്ട് ആശ്ചര്യപ്പെടുകയും എന്നാൽ തന്റെ ശുശ്രൂഷയുടെ ഉൾപ്പൊരുൾ ഗ്രഹിക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്നവരിലെ വിശ്വാസത്തിന്റെ കുറവാണ് യേശു ഇവിടെ അറിയുന്നത്.

**3:2 – അങ്ങ് ദൈവത്തിൽനിന്നു വന്ന ...:** നിക്കോദേമോസ് യേശുവിനെക്കുറിച്ച് കുറച്ചു കാര്യങ്ങൾ ഗ്രഹിച്ചുവച്ചിട്ടുണ്ട്. എങ്കിലും ഈ അറിവിൽനിന്ന് വിശ്വാസത്തിലേക്ക് അദ്ദേഹം കടക്കുന്നതായി കാണുന്നില്ല.

**3:3 – വീണ്ടും:** 'അനോഥെൻ' എന്ന ഗ്രീക്ക് മൂലത്തിന് 'വീണ്ടും' 'ഉന്നതത്തിൽനിന്ന്' എന്നീ രണ്ട് അർത്ഥങ്ങളുണ്ട്. ശാരീരികമായ രണ്ടാം ജനനമാണ് യേശു ആവശ്യപ്പെടുന്നതെന്ന് വിചാരിക്കുന്ന നിക്കോദേമോസിനെ യേശു തിരുത്തുന്നു. ദ്വയാർത്ഥമുള്ള ഒരു വാക്ക് ആദ്യം തെറ്റിദ്ധരിപ്പിക്കപ്പെടുന്നതും പിന്നീട് അത് തിരുത്തപ്പെടുന്നതും യോഹന്നാൻ അവലംബിക്കുന്ന ഒരു വിവരണ ശൈലിയാണ്. 'ഉയർത്തപ്പെടുക' (3:15), 'ജീവജലം' (4:10) എന്നിവയും ഈ ശൈലിക്ക് ഉദാഹരണങ്ങളാണ്.

**ദൈവരാജ്യം:** ദൈവരാജ്യം കാണുക എന്നാൽ ദൈവരാജ്യം യാഥാർത്ഥ്യമാക്കുന്ന യേശുവിൽ വിശ്വസിക്കുക എന്നർത്ഥം. യേശുവും ദൈവരാജ്യവും അവിഭാജ്യമാണ് (മത്തായി 16:28, 19:19, ലൂക്ക 9:27, 18:29) സമവീക്ഷണ സുവിശേഷങ്ങളിൽ ദൈവരാജ്യം നിരവധി തവണ ആവർത്തിക്കപ്പെടുമ്പോൾ ഈ സുവിശേഷത്തിൽ ഇവിടെ മാത്രം കാണുന്നു.

**3:5 – ജലത്താലും ആത്മാവാലും ജനിക്കുന്നില്ലെങ്കിൽ:** ജലത്താലും ആത്മാവാലുമുള്ള രണ്ട് ജനനത്തെ പറ്റിയല്ല, മറിച്ച് ജലത്തിന്റെയും ആത്മാവിന്റെയും പ്രവർത്തനം മൂലം ജ്ഞാനസ്നാനത്തിലൂടെയുള്ള ഒരൊറ്റ ജനനത്തെപ്പറ്റിയാണ് യേശു സംസാരിക്കുന്നത്.

**3:6 – മാംസം ... ആത്മാവ്:** മാനുഷികവും ഭൗതികവുമായ എല്ലാറ്റിനേയും 'മാംസ'വും ദൈവികവും സ്വർഗീയവും പ്രകൃത്യാതീതവുമായവയെ 'ആത്മാവും' പ്രതിനിധാനം ചെയ്യുന്നു. ഈ രണ്ടു ലോകങ്ങൾ തമ്മിലുള്ള അന്തരം നികത്തുന്ന യേശു മനുഷ്യാവതാരം വഴി ജീവനും ആത്മാവും പ്രദാനം ചെയ്യുന്നു (5:21, 6:51–53, 20:22)

**3:8 – കാറ്റ്:** 'പ്ന്യൂമ' എന്ന പദത്തിന് കാറ്റ്, ആത്മാവ്, അരൂപി എന്നീ അർത്ഥങ്ങളുണ്ട്. കാറ്റിന്റെ ഗതിയും ലക്ഷ്യവും നമുക്ക് അജ്ഞാതമാണ്; അതിലുപരി നിഗൂഢമാണ് വിശ്വാസികളിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം.

**3:14 – ഉയർത്തുക:** 'ഹ്യൂപ്സോഓ' എന്ന ക്രിയാപദം പെസഹ രഹസ്യത്തിലെ യേശുവിന്റെ 3 ഉയർത്തപ്പെടലുകൾ സൂചിപ്പിക്കുന്നു. 1. കുരിശിലേക്ക്, 2. കല്ലറയിൽനിന്ന്, 3. ഭൂമിയിൽനിന്ന് സ്വർഗ്ഗത്തിലേക്ക്, (8:28, 12:32). മോശ പിച്ചളകൊണ്ട് ഒരു സർപ്പത്തെ ഉണ്ടാക്കി അതിനെ വടിയിൽ ഉയർത്തിനിർത്തുകയും (സംഖ്യ 21:9) അതിനെ നോക്കിയവരെല്ലാം ജീവിക്കുകയും ചെയ്തു. യേശുവിന്റെ കുരിശു മരണത്തിന്റെയും മഹത്വീകരണത്തിന്റെയും ഉയർത്തപ്പെടൽ വഴി എല്ലാവരും പുതിയ ജീവനിലേക്കും ദൈവരാജ്യത്തിലേക്കും പ്രവേശിക്കുന്നു.

**3:15 – നിത്യജീവൻ:** ഇദംപ്രഥമമായിട്ടാണ് യോഹന്നാൻ ഈ പദം ഉപയോഗിക്കുന്നത്. നിത്യജീവൻ എന്നത് യേശുവിന്റെ അനുയായിയുടെ ജീവിതത്തിൽ വിശ്വാസം കൊണ്ടുവരുന്ന മാറ്റവും ഉൾക്കൊള്ളുന്നു. ഈ നിത്യജീവൻ ഭാവിയിൽ മാത്രം അനുഭവിക്കാൻ ഇരിക്കുന്നതല്ല, വർത്തമാനകാലത്തിൽ തന്നെ ആരംഭിക്കുന്നതാണ്. അനുസ്യൂതം തുടരുന്ന ദൈവസാന്നിധ്യത്തിലുള്ള ജീവിതം എന്ന് നിത്യജീവനെ ഇവിടെ മനസ്സിലാക്കണം (4:14, 5:24, 6:27, 17:3). ആ ജീവന് സ്വർഗ്ഗത്തിൽ നിത്യമായി ഉടമകൾ ആകുമെന്നുള്ള പ്രത്യാശയിൽ ഈ ലോകത്തിൽ തന്നെ നാം ആ കൃപ സ്വീകരിച്ചിരിക്കുന്നു (16:10, 1 യോഹ 5:13)

**3:16 – ഏകജാതനെ നൽകി:** ഇവിടെ മാത്രമാണ് ദൈവം യേശുവിനെ അയച്ചു എന്നതിനു പകരം നൽകി (ഗ്രീക്കിൽ 'ദീദോമി') എന്ന് പറയുന്നത്. മനുഷ്യരോടുള്ള സ്നേഹത്തിന്റെ ആഴവും വ്യാപ്തിയും പ്രകടമാക്കാൻ ദൈവം തന്റെ ഏകജാതനെ ദാനമായി നൽകി (റോമാ 5:8, 8:32, എഫെ 2:4,5, 1 യോഹ 3:16). നൽകുക എന്ന പദം യേശു

ലോകത്തിന് നൽകുന്നതിന്റെയെല്ലാം ഉറവിടം ദൈവമാണെന്ന് കാണിക്കാൻ പലപ്പോഴും ഈ സുവിശേഷത്തിൽ ഉപയോഗിക്കുന്നു (3:35, 5:22, 26:36)

**3:18 – വിശ്വസിക്കുന്ന ഒരുവനും:** പിതാവായ ദൈവം യേശുവിനെ ലോകത്തിന് നൽകുമ്പോൾ വിശ്വസിക്കുകയോ അവിശ്വസിക്കുകയോ ചെയ്യാമെന്ന രണ്ട് സാധ്യതകൾ മാത്രമാണ് ഉള്ളത്. **വിധിക്കപ്പെട്ടിരിക്കുന്നു:** പ്രകാശത്തിൽനിന്ന് മാറി നിൽക്കുന്നവർ വിധി സ്വയം ഏറ്റുവാങ്ങുന്നു എന്നാണ് സൂചന. ദൈവപുത്രനെ പരിത്യജിക്കുന്നത് ആത്മീയ അന്ധകാരത്തെയും നിത്യമായ മരണത്തെയും സ്വീകരിക്കുന്നതിന് തുല്യമാണ്.

**3:19 – ഇതാണ് ശിക്ഷാവിധി:** വിധി മുൻകൂട്ടി നിശ്ചയിച്ചുറപ്പിച്ചിരിക്കുന്നതല്ല. യേശുവിൽ വിശ്വസിക്കുന്നതിന് അടിസ്ഥാനമാക്കിയുള്ളതാണ്. **അന്ധകാരത്തെ സ്നേഹിച്ചു:** യേശുവിൽ വിശ്വസിക്കാതിരിക്കുന്നതിനെ ഇത് സൂചിപ്പിക്കുന്നു. ഒരു വ്യക്തിയിലെ നന്മയും തിന്മയും ജീവനും മരണവും തീരുമാനിക്കുന്നത് ആ വ്യക്തി യേശുവിനെ കണ്ടുമുട്ടുമ്പോൾ എടുക്കുന്ന തീരുമാനത്തെ ആസ്പദമാക്കിയാണ് (3:20, 21). യേശുവിനെ കണ്ടുമുട്ടിയപ്പോൾ തീരുമാനം എടുക്കാത്ത നിക്കോദമോസ് (3:12) അന്ധകാരത്തിൽ തുടരുന്നു.

**3:27 – സ്വർഗ്ഗത്തിൽനിന്ന് നൽകപ്പെടുന്നില്ലെങ്കിൽ:** ഇത് ഒരു പൊതു തത്വം മാത്രമല്ല, യേശുവിന്റെ അടുക്കൽ വരുന്നവർ ദൈവം നൽകുന്നവരാണെന്നും (6:39, 10:29, 17:9, 24) യേശുവിനുള്ളത് പിതാവിൽ നിന്നുള്ള ദാനമാണെന്നുമുള്ള ഈ സുവിശേഷത്തിലെ പ്രധാന പ്രമേയം തന്നെയാണ്.

**3:29 – മണവാളൻ:** മണവാളൻ എന്നത് രൂപകാർത്ഥത്തിൽ ഇവിടെ മനസ്സിലാക്കാം. പഴയനിയമത്തിൽ ഇസ്രായേൽ യാഹ്‌വേയുടെ മണവാട്ടിയായി വർണ്ണിക്കപ്പെട്ടിരിക്കുന്നതുപോലെ (ഏശയ്യ 61:10, ജറെമിയ 2:2, ഹോസിയ 1–2) ഇവിടെ ദൈവജനത്തിന്റെ മണവാളനായി യേശുവിനെ അവതരിപ്പിക്കുന്നു (വെളി 19:7–9) യഹൂദരുടെ പാരമ്പര്യമനുസരിച്ച് മണവാളന്റെ തോഴനാണ് വിവാഹവിരുന്ന് ഒരുക്കുന്നതും ക്രമീകരിക്കുന്നതും. സ്നാപകന്റെ ദൗത്യവും ഇതിന് സമാനമായിരുന്നു.

**3:36 – വിശ്വസിക്കുന്നവന് ... അനുസരിക്കാത്തവൻ:** സുവിശേഷങ്ങളിൽ ഇവിടെ മാത്രമാണ് അനുസരിക്കാതിരിക്കുക എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. ഒരാളുടെ പ്രവർത്തിയിൽനിന്നും വിഭിന്നമായ ബൗദ്ധികതലത്തിലെ തീരുമാനമല്ല വിശ്വാസം (യാക്കോ 2:14–26) വിശ്വാസവും പ്രവർത്തിയിലുള്ള വിശ്വസ്തതയും ഒരേ നാണയത്തിന്റെ ഇരുപുറങ്ങളാണ്. **ദൈവ കോപം:** ഈ പദം സുവിശേഷകൻ ഇവിടെ മാത്രം ഉപയോഗിച്ചിരിക്കുന്നു. സുവിശേഷങ്ങളിൽ അഞ്ചു പ്രാവശ്യം കാണുന്ന ഈ പദം മൂന്നു പ്രാവശ്യവും സ്നാപകന്റെ അധരങ്ങളിൽ നിന്നത്രെ വരുന്നത് (മത്താ 3:7, ലൂക്കാ 3:7, യോഹ 3:36).

തുടരും ...

**Fr. Joseph Mattam**
Director
Apostolates of Bible & Catechesis

# FAMILY APOSTOLATE

**PILGRIMAGES:**

**A. Chennai Pilgrimage**

Places : Mialapur, Veilankanny and Poondimatha Churches

Dates : 24th to 28th February, 2025

**B. Holy Land Pilgrimage: land Of Jesus**

Places : Jordan, Palestine, Jerusalem and Egypt

Dates : 5th to 16th May 2025.

**BIBLE RE - WRITING MINISTRY:**

**A. Gospel of St Mathew:**

**Bible writing Participants list**

| SL. No | Parish | Numbers |
|---|---|---|
| 1. | Addahole | 1 |
| 2. | Ajekar | 2 |
| 3. | Bajagoli | 1 |
| 4. | Bangady | 5 |
| 5. | Belthangady | 11 |
| 6. | Devagiri | 24 |
| 7. | Dharmasthala | 7 |
| 8. | Gandibagilu | 54 |
| 9. | Hebri | 23 |
| 10. | Jadkal | 2 |
| 11. | Kervashe | 2 |
| 12. | Mala-Chowki | 2 |
| 13. | Manipal | 1 |
| 14. | Mudur | 6 |
| 15. | Moorje | 3 |

| | | |
|---|---|---|
| 16. | Mundaje | 21 |
| 17. | Mantrady | 11 |
| 18. | Navoor | 4 |
| 19. | Nelliady | 23 |
| 20. | Puttur | 25 |
| 21. | Shirlal | 3 |
| 22. | Thottathady | 3 |
| 23. | Ujire | 18 |
| 24. | Kuthloor | 30 |
| | **Total** | **264** |

**NB:** I would like to extend my sincere thanks and appreciation to all Parish Priests for your encouragement and support for parishioners in writing the Bible. Your guidance and leadership have been a blessing to your communities, and I'm grateful for your role in promoting spiritual growth and development.

**B. For the Year of 2025**

Topic : Gospel of John

Date of Submission : 31st December 2025

NB: Please follow the same rules and regulations for rewriting the Bible as we used last year.

**YEAR PLAN: For 2025**

| SL. No | Program | Month Date |
|---|---|---|
| 1 | Chennai Pilgrimage | Feb : 24-28 |
| 2 | MGC - 1 | Mar : 14-16 |
| 3 | Hair Donation Camp | Apr : 27/30 |
| 4 | Holy Land Pilgrimage | May : 5-16 |
| 5 | Holy Family Gathering | Sep : 5 |
| 6 | MGC- 11 | Oct : 10-12 |
| 7 | Bible Quiz | Nov : 16 |

## SURVEY OF LARGE FAMILY

The Family Apostolate is planning to conduct a survey on large families within the diocese, and a Google form will be shared with each parish to facilitate the survey. I kindly request the cooperation and support of all parish priests and parish council members in promoting and completing the survey, to ensure its success.

# YOUTH APOSTOLATE

## YEAR PLAN: For 2025

| SL.No | Program | Month |
|---|---|---|
| 1 | Google Meet – Parish Executives | January |
| 2 | Research Work on Data Collection | February |
| 3 | SMYM General Body | March |
| 4 | Way of the Cross | April |
| 5 | One Meal Program | April |
| 6 | Forane Visits | May |
| 7 | Study Class on YOU CAT | June |
| 8 | Retreat | July |
| 9 | Diocesan Level Cultural Competition | August |
| 10 | Pilgrimage to Cathedral | September |
| 11 | Diocesan Level Sports Competition | October |
| 12 | DE Addiction Campaign Program | November |
| 13 | Tour | November |
| 14 | One Meal Program | December |
| 15 | Udyogha Mela | December |

## SMYM SURVEY:

The Syro Malabar Youth Movement Diocese of Belthangady is planning to conduct a survey of youths, which will be carried out on a parish-wise basis. The survey will be conducted online through a Google

form, and the link will be shared with each individual parish, allowing participants to easily access and complete the survey. I'd like to request the support of all Parish Priests and parish executive members in facilitating the survey process for the Syro Malabar Youth Movement.

**Dexco and Parish Executive Online Meeting:**

On January 26, 2025, the Diocesan Executive Team and Parish SMYM Executive Team held an online meeting to discuss the upcoming General Body meeting scheduled for March, as well as the Youth Survey to be conducted at the parish level in February.

# MATHRUVEDI

**YEAR PLAN: For 2025**

| Sl. No. | Program | Month |
|---|---|---|
| 1 | Online Class On Indian Constitution And Women | January |
| 2 | Elizabeth Visit: Visiting Pregnant Women | February |
| 3 | Honouring Aged Parents | March |
| 4 | Collage Creation On Jubilee Year And Promoting Hair Donation | April |
| 5 | Parish Election And 'Vanaka Masa' Celebration | May |
| 6 | Forane Election And Promoting Poor Students For Studies | June |
| 7 | Study On Syro Malabar Church History | July |
| 8 | Pencil Drawing Competition | August |
| 9 | 'Mathruvedi Day' Celebration At Parish Level | September |
| 10 | Mathruvrdi Diocesan Election And General Body | October |
| 11 | Family Bible Quiz And Parish Level Tour | November |
| 12 | Bible Writing and Visit To Cathedral Church | December |

**Fr. Joby Thomas Pullattu**
Director
Family and Youth Apostolates

# ಸಮಾಜ ಸೇವಾ ವಿಭಾಗ

**ನವಜೀವನ ಹೆಚ್.ಐ.ವಿ/ಏಡ್ಸ್ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ:**

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ (ರಿ) ಬೆಳ್ತಂಗಡಿ ಸಂಸ್ಥೆಯು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮತ್ತು ಬಾಧಿತರಿಗೋಸ್ಕರ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ನೀಡುವ ಕಾರ್ಯಕ್ರಮವನ್ನು ನಡೆಸುತ್ತಿದೆ. ದಿನಾಂಕ 25.01.2025 ರಂದು ನವಜೀವನ ಆರೈಕೆ ಹಾಗೂ ಬೆಂಬಲ ಕೇಂದ್ರದ ಮಾಸಿಕ ಬೆಂಬಲ ಸಭೆಯನ್ನು ಬೆಳ್ತಂಗಡಿ ಸಾಂತೋಮ್ ಟವರ್‌ನಲ್ಲಿ ನಡೆಯಿತು.ಮುಖ್ಯ ಅತಿಥಿಯಾಗಿ ಬೆಳ್ತಂಗಡಿಯ ವೈಧ್ಯರಾದ ಡಾ. ಮೊಹಿನುದ್ದೀನ್ ನವಾಝ್ ಎಂ.ಬಿ.ಬಿ.ಎಸ್ ಆಗಮಿಸಿ ಕಾರ್ಯಕ್ರಮಕ್ಕೆ ಶುಭ ಹಾರೈಸಿದರು. ಗಂಡಿಬಾಗಿಲು ಕಾರುಣ್ಯ ಸಂಘ, ಬೆಳ್ತಂಗಡಿ ಸಂಜಯನಗರದ ನಂದಾದೀಪ ಹಾಗೂ ದೇವಿ ಸಂಘಧ ಸದಸ್ಯರು ಆಗಮಿಸಿ ಈ ಕಾರ್ಯಕ್ರಮಕ್ಕೆ ಧನ ಸಹಾಯ ರೂ. 14,000/– ವಿತರಿಸಿದರು.

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ.ಫಾ. ಬಿನೋಯಿ ಎ.ಜೆ.ರವರು ಪ್ರಾಸ್ತಾವಿಕವಾಗಿ ಮಾತನಾಡಿದರು. ಅರ್ಥಿಗಳಿಗೆ ಪೌಷ್ಟಿಕ ಆಹಾರದ ಕಿಟ್ ವಿತರಿಸಲಾಯಿತು. ಈ ತಿಂಗಳಿನಲ್ಲಿ ಒಟ್ಟು ರೂ. 19,500 /– ಈ ಯೋಜನೆಗೆ ಸಂಗ್ರಹವಾಗಿದೆ.

**ಸಮೃದ್ಧಿ ಯೋಜನೆ:**

ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರು ನೇತೃತ್ವದಲ್ಲಿ ಈ ಯೋಜನೆಯನ್ನು ಅನುಷ್ಟಾನಗೊಳಿಸಲಾಗುತ್ತಿದ್ದು ಸ್ವ–ಸಹಾಯ ಸಂಘದ ಮಹಿಳೆಯರಿಗೆ ಆದಾಯೋತ್ಪನ್ನ ಚಟುವಟಿಕೆಗಳನ್ನು ಆರಂಭಿಸಲು ಈ ಯೋಜನೆಯ ಮೂಲಕ ಸಾಲವನ್ನು ನೀಡಲಾಗುತ್ತದೆ.

ದಿನಾಂಕ 07.01.2025 ನೆಲ್ಯಾಡಿ ಸ್ಪೂರ್ತಿ ಹಾಗೂ ಮಹಿಮ ಸಂಘಕ್ಕೆ ಆದಾಯ ಉತ್ಪನ್ನ ಚಟುವಟಿಕೆಯ ಬಗ್ಗೆ ತರಬೇತಿ ನೀಡಲಾಯಿತು.

17.01.2025 ರಂದು ಶಿರಾಡಿ ಅಲ್ಫೋನ್ಸಾ ಹಾಗೂ ಅಡ್ಡಹೊಳೆ ಐಶ್ವರ್ಯ ಸಂಘಕ್ಕೆ ಆದಾಯ ಉತ್ಪನ್ನ ಚಟುವಟಿಕೆಯ ಬಗ್ಗೆ ತರಬೇತಿ ನೀಡಲಾಯಿತು.ಶಿರಾಡಿ ಅಲ್ಫೋನ್ಸಾ ಸಂಘಕ್ಕೆ 1,40,000/– ರೂ. ಕಿರು ಉದ್ದಿಮೆ ಸಾಲ ನೀಡಲಾಯಿತು.

ಸಾಲ ಪಡೆದುಕೊಂಡ ಸದಸ್ಯರು ಅದನ್ನು ಕ್ರಮಬದ್ಧವಾಗಿ ಮರುಪಾವತಿ ಮಾಡುತ್ತಿದ್ದಾರೆ. ಪ್ರಸ್ತುತ ರೂ. 16,65,457/– ಹೊರಬಾಕಿ ಸಾಲ ಇದೆ.

**ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆ:**

ಮಿಸೆರಿಯೋರ್ ಪ್ರಾಯೋಜಿತ ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮವು ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ಮೂಲಕ ಬೆಳ್ತಂಗಡಿ ಮತ್ತು ಕಡಬ ತಾಲೂಕುಗಳ ಆಯ್ದ 30 ಗ್ರಾಮಗಳಲ್ಲಿ ವ್ಯಾಪಿಸಿದೆ. ಒಟ್ಟು 109 ಮಹಿಳಾ ಸ್ವ–ಸಹಾಯ ಸಂಘಗಳು, 8 ಮಹಾಸಂಘಗಳು ಮತ್ತು 2 ನೋಂದಾಯಿತ ಒಕ್ಕೂಟಗಳು ಹಾಗೂ 1 ಜಿಲ್ಲಾ

ಒಕ್ಕೂಟ ಇವೆ. ಒಟ್ಟು 1,156 ಮಂದಿ ಸದಸ್ಯರು ಸ್ವ-ಸಹಾಯ ಸಂಘಗಳ ಸದಸ್ಯತ್ವ ಪಡೆದಿದ್ದಾರೆ.

ದಿನಾಂಕ 03.01.2025 ರಂದು ಶಿರ್ಲಾಲ್ ಸಂಘದ ಸದಸ್ಯರಿಗೆ ಮಹಿಳಾ ಹಕ್ಕುಗಳ ಬಗ್ಗೆ ಶ್ರೀ. ಮಾರ್ಕ್ ಡಿ ಸೋಜರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ. ಒಟ್ಟು 34 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 07.01.2025 ರಂದು ಕಳೆಂಜ ಸಂಘದ ಸದಸ್ಯರಿಗೆ ಶ್ರೀ ಮಾರ್ಕ್ ಡಿ ಸೋಜ ರವರು ಹಾಗೂ ದಿನಾಂಕ 10.01.25 ರಂದು ಕುಟ್ರುಪ್ಪಾಡಿ ಮಹಾಸಂಘ ಸದಸ್ಯರಿಗೆ ಶ್ರೀಮತಿ ಸುಶೀಲರವರು ಪಂಚಾಯತ್ ರಾಜ್ ಬಗ್ಗೆ ತರಬೇತಿ ನೀಡಿದ್ದಾರೆ. ಒಟ್ಟು 58 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 04.01.2025 ಮತ್ತು 07.01.2025 ರಂದು ತೋಟತ್ತಾಡಿ ಹಾಗೂ ಗಂಡಿಬಾಗಿಲು ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಮಹಾಸಂಘ ಬಲವರ್ಧನೆಯ ಬಗ್ಗೆ ಶ್ರೀ ಜೋನ್ಸನ್‌ರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ. ಒಟ್ಟು 72 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 13.01.2025 ಮತ್ತು 15.01.2025 ರಂದು ಶಿರಾಡಿ ಹಾಗೂ ನೆಲ್ಯಾಡಿ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ.ಫಾ. ಬಿನೋಯಿ ಎ. ಜೆ ರವರು ಮಹಾಸಂಘ ಬಲವರ್ಧನೆಯ ಬಗ್ಗೆ ತರಬೇತಿ ನೀಡಿದ್ದಾರೆ. ಒಟ್ಟು 29 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 15.01.2025 ರಂದು ಕುಟ್ರುಪಾಡಿಯ ಜ್ಯೋತಿ ಸಂಘದ ಸದಸ್ಯರು ಸಂಘದ ವಾರ್ಷಿಕೋತ್ಸವವನ್ನು ಆಚರಿಸಿದ್ದಾರೆ.

ದಿನಾಂಕ 22.01.2025 ಹಾಗೂ 23.01.2025 ರಂದು ಸಿ.ಒ.ಡಿ.ಪಿ ಮಂಗಳೂರಿನಲ್ಲಿ ಆಯೋಜಿಸಿದ ಕ್ಲಸ್ಟರ್ ಮಟ್ಟದ ಸರಕಾರಿ ಯೋಜನೆಗಳು ಮತ್ತು ಸಂಪನ್ಮೂಲ ಕ್ರೋಡೀಕರಣ ತರಬೇತಿಯಲ್ಲಿ ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನಾ ಸಂಯೋಜಕರು, ಕಾರ್ಯಕರ್ತರು, ಒಕ್ಕೂಟ ಪ್ರತಿನಿಧಿಗಳು ಹಾಗೂ ಮಹಾಸಂಘದ ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 24.01.2025 ರಂದು ಬಿಳಿನೆಲೆ ಗ್ರಾಮ ಪಂಚಾಯತ್ ಗ್ರಾಮಸಭೆಯಲ್ಲಿ ನೆಟ್ಟಣ ವ್ಯಾಪ್ತಿಯ ಸಂಘಗಳ 15 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿ ರಸ್ತೆ ಕಾಂಕ್ರಿಟೀಕರಣ, ಸೋಲಾರ್ ದೀಪ ಅಳವಡಿಕೆ ಮತ್ತು ವಸತಿ ಯೋಜನೆ ಸೌಲಭ್ಯ ಒದಗಿಸುವ ಬಗ್ಗೆ ಮನವಿಯನ್ನು ಸಲ್ಲಿಸಿದ್ದಾರೆ ಹಾಗೂ ಬಸ್ ವ್ಯವಸ್ಥೆ, ಅಲೆಮಾರಿಗಳ ಕಾಟ ಮತ್ತು ಗ್ಯಾರಂಟಿ ಯೋಜನೆಗಳ ಬಗ್ಗೆ ಚರ್ಚಿಸಿದ್ದಾರೆ.

**ಸ್ಪರ್ಶ ಕಾರ್ಯಕ್ರಮ:**

ದಿನಾಂಕ 27.12.2024 ರಂದು ಮದ್ದೋಡಿಯಲ್ಲಿ ಕ್ಯಾನ್ಸರ್ ರೋಗದ ಬಗ್ಗೆ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಮುತ್ತು ಮೊಗವೀರರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 9 ಮಂದಿ ಸದಸ್ಯರು ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 18.1.2025 ರಂದು ತೂದಳ್ಳಿಯಲ್ಲಿ ಕ್ಯಾನ್ಸರ್ ರೋಗ ಹಾಗೂ ಆರೋಗ್ಯಕರ ಆಹಾರ ಕ್ರಮದ ಬಗ್ಗೆ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಮುತ್ತು ಮೊಗವೀರರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 17 ಮಂದಿ ಸದಸ್ಯರು ಉಪಸ್ಥಿತರಿದ್ದರು.

**ವಿದ್ಯಾನಿಧಿ ಯೋಜನೆ:**

ಬೆಳ್ತಂಗಡಿ ಧರ್ಮಪ್ರಾಂತ್ಯದ ರಜತ ಮಹೋತ್ಸವದ ಸವಿನೆನಪಿಗಾಗಿ, ವೃತ್ತಿಪರ ಶಿಕ್ಷಣವನ್ನು ಬಯಸುವ ಬಡ ವಿದ್ಯಾರ್ಥಿಗಳಿಗೆ ಆರ್ಥಿಕ ಬೆಂಬಲ ಒದಗಿಸುವುದಕ್ಕಾಗಿ, ವಿದ್ಯಾನಿಧಿ ಎಂಬ ಯೋಜನೆಯನ್ನು ಪ್ರಾರಂಭಿಸಿದ್ದೇವೆ.

ಈ ಯೋಜನೆಯ ಅನುಷ್ಠಾನಗೋಸ್ಕರ ಇದುವರೆಗೆ ಒಟ್ಟು 220 ಮಂದಿ ಆರ್ಥಿಕ ಸಹಾಯ ನೀಡಿದ್ದಾರೆ.ಈ ತಿಂಗಳಲ್ಲಿ ಒಟ್ಟು 38,110/– ರೂ. ಲಭಿಸಿರುತ್ತದೆ.

79 ಫಲಾನುಭವಿಗಳು ಮುಂದಿನ ದಿನಗಳಲ್ಲಿ ಸಹಾಯ ನೀಡುವ ಇಚ್ಛೆಯನ್ನು ವ್ಯಕ್ತಪಡಿಸಿದ್ದಾರೆ.

ವಿದ್ಯಾನಿಧಿ ಯೋಜನೆಯ ಮೂಲಕ 1 ಬಿ.ಎಸ್.ಸಿ ಮತ್ತು 1 ಜಿ.ಎನ್.ಎಮ್ ನರ್ಸಿಂಗ್ ವಿದ್ಯಾರ್ಥಿನಿಗಳಿಗೆ ಹಾಗೂ ಜೇಮ್ಸ್ ಮತ್ತು ಮೇರಿ ಅರುಪರಯಿಲ್ ಯೋಜನೆಯ ಅಡಿಯಲ್ಲಿ 1 ಬಿ.ಎಸ್.ಸಿ ನರ್ಸಿಂಗ್ ವಿದ್ಯಾರ್ಥಿನಿಗೆ ಪ್ರಥಮ ಹಂತದ ಸ್ಕೋಲರ್‌ಶಿಪ್ ನೀಡಲಾಗಿದೆ.

ಪ್ರತಿ ವರ್ಷ ಧರ್ಮಕೇಂದ್ರಗಳಿಗೆ ಅರ್ಜಿಗಳನ್ನು ನೀಡಲಾಗುವುದು. ಈ ವರ್ಷದ ಸ್ಕೋಲರ್‌ಶಿಪ್ ಅರ್ಜಿಗಳನ್ನು ಮೇ ತಿಂಗಳಲ್ಲಿ ವಿತರಿಸಲಾಗುವುದು.

**Fr. Varkey Malikayil**
Director, Social Service Department

# Christ Jubilee 2025: Inauguration
# Belthangady   29.12.2024







# Christ Jubilee 2025: Inauguration
# Belthangady 29.12.2024








# Christ Jubilee - 2025
# Cross Journey


Kalmakki


Maddiodi


Shiruru

# CONGRATULATIONS

## Gold Medalist in MSc, Botany

**From University of Mysore**



**Rev. Sr. Vivina Swedal Thoras SABS**
**(Gonikoppa Parish / SABS Province, Thalassery)**



**Diocesan Charismatic Team Meeting**
**21.01.2025**

# അഭിവന്ദ്യ പിതാവിന്റെ ഡയറിയിൽനിന്ന്

## ജനുവരി - 2025

01. കത്തീഡ്രൽ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ട വർഷാരംഭ തിരുകർമ്മങ്ങളിൽ മുഖ്യ കാർമ്മികത്വം വഹിച്ച് വചന സന്ദേശം നൽകി.

02. രാവിലെ 10.00 ന് കളഞ്ച ഇടവക ദേവാലയത്തിൽ വച്ച് ബഹു. അബ്രഹാം പട്ടേരിയിലച്ചന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ സിൽവർ ജൂബിലി ആഘോഷത്തിൽ പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു.

3. വൈകുന്നേരം ജ്ഞാനനിലയത്തിൽ വച്ച് പുതുവത്സരത്തോടനുബന്ധിച്ച് നടത്തിയ താലൂക്കിലെ വി. ഐ. പി. സൗഹാർദ സമ്മേളനത്തിൽ പങ്കെടുത്തു.

04. വൈകുന്നേരം 05.00 ന് കത്തീഡ്രൽ ഇടവക ദേവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

06-11. സീറോ മലബാർ സഭയുടെ ബിഷപ്പ്സ് സിനഡിൽ പങ്കെടുത്തു.

13. രാവിലെ 08.30 ന് രൂപതാ കാര്യാലയത്തിൽ നടന്ന കൂരിയ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു. രാവിലെ 11.00 ന് രൂപതാ കാര്യാലയത്തിൽ വച്ച്, എസ്. എ.ബി. എസ്. തലശ്ശേരി പ്രോവിൻസ്, പ്രൊവിൻഷ്യാൽ ബഹു. സി. അനില എസ്. എ.ബി. എസ്. ടീം അംഗങ്ങളുമായി കൂടിക്കാഴ്ച്ച നടത്തി.

14. രാവിലെ 10.30 ന് കൊടിയംമ്പാള സെന്റ് ജോർജ്ജ് മലങ്കര ഇടവക ദേവാലയത്തിൽ വച്ച് ബഹു. ഫിലിപ്പ് നെല്ലിവിളയച്ചന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ സിൽവർ ജൂബിലി ആഘോഷത്തിൽ പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു. വൈകുന്നേരം 05.00 ന് രൂപതാ കാര്യാലയത്തിൽ ഓ. സി. ഡി. തിരുവനന്തപുരം പ്രോവിൻസ്, പ്രൊവിൻഷ്യാൽ ബഹു. ചക്യത്ത് പീറ്ററച്ചനുമായി കൂടിക്കാഴ്ച്ച നടത്തി.

14. രാവിലെ 10.00 ന് ബെൽത്തംഗഡി ഹോളി റെഡീമർ (മംഗലാപുരം രൂപത) പള്ളിയിൽ ഈശോയുടെ ജൂബിലി വർഷം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യുകയും സന്ദേശം നൽകുകയും ചെയ്തു.

21. രാവിലെ 10.00 ന് ജ്ഞാനനിലയത്തിൽ വച്ച് നടന്ന ഡി.എസ്. സി. യുടെ യോഗത്തിൽ പങ്കെടുത്തു.

22. കത്തീഡ്രൽ ഇടവകയിൽ വച്ച് മരണപ്പെട്ട കരോട്ടുഴുന്നാലിൽ ജോസഫ് ചെട്ടന്റെ മൃത സംസ്കാര ശുശ്രൂഷകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

23. മംഗലാപുരം (ജെപ്പു) മേജർ സെമിനാരി സന്ദർശിക്കുകയും, രൂപതയ്ക്ക്‌വേണ്ടി പഠിക്കുന്ന സെമിനാരിക്കാരനുമായി കൂടികാഴ്ച നടത്തി.

24. വൈകുന്നേരം ജ്ഞാനനിലയത്തിൽ വച്ച്, രൂപതാ കേന്ദ്രത്തിലും ജ്ഞാനനിലയത്തിലുമുള്ള വൈദികരോടൊപ്പം മാസധ്യാനത്തിൽ പങ്കെടുത്തു.

25. ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്ക ദേവാലയത്തിൽ ബഹു. അഖിൽ മുക്കുഴിയച്ചന്റെ ജേഷ്ഠ സഹോദരന്റെ മൃത സംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

28. വൈകുന്നേരം 5.30 ന് അത്തൂർ (കാർക്കള) സെന്റ് ലോറൻസ് തീർത്ഥാടന കേന്ദ്രത്തിൽ (ഉഡുപ്പി രൂപത) തിരുനാളിനോട് അനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

31. മൈനർ സെമിനാരി സന്ദർശിച്ചു.




# FEBRUARY - 2025

| | | | |
|---|---|---|---|
| 01. | Puttur | | |
| 02. | Kalmakki | | |
| 03. | Maddiodi | | |
| 04. | Engaged | | |
| 07. | Kunnoth | : | Seminary |
| 08. | Chandanakkampara | | |
| 09. | Udupi | | |
| 10. | Mangalore | : | Sandesha |
| 16. | Engaged | | |
| 17-19 | Bangalore | : | KRCBC |
| 22. | Thotathady | | |
| 23. | Kattippalla | | |
| 24. | Puttur | : | Minor Seminary |
| 26. | Belthangady | : | Jnananilaya |
| 27. | Belthangady | : | Jnananilaya : Monthly Recollection |

Registered News Paper Monthly

**UDAYADEEPA BELTHANGADY**

REGISTERED NO.PTR/105/2024-2026

LICENSED TO POST WITHOUT PREPAYMENT

LICENSE NO. SK/WPP/PTR/219/2024-26

RNI No. KARMUL/ 2010/ 32217

**POSTED AT BELTHANGADY ON THE LAST DAY OF THE MONTH**

**ANNUAL SUBSCRIPTION RS. 140/- PER COPY RS.12/-**




Printed, Published and Owned by Fr. Joseph Valiaparambil, Bishop's House, P.B. No.13, Belthangady - 574214, Dist.-Dakshina Kannada, Karnataka, Tel.: 08256-233975, Mob.: 09448251184. E-mail:Udayadeepabel@gmail.com. Place of publication: Bishop's House, P.B. No.13, Belthangady-574214, Dist. Dakshina Kannada, Karnataka. Printed at Shree Raghavendra Printers, Ujire-574 240, Phone: 08256–236421,Email:rpujire@gmail.com.
Editor: Fr. Lawrence Poonolil, Chancellor, 9481039879